കേരള സർക്കാർ

www.ksad.kerala.gov.in

# ചെമ്മരുതി ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2018-19

## കേരള സംസ്ഥാന ഓഡിറ്റ്
## തിരുവനന്തപുരം ജില്ലാ
## ഓഡിറ്റ് കാര്യാലയം

e-mail:lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

**നം.കെ.എസ്.എ/റ്റി.വി.എം/ജി.പി7/2181/2019**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം ജില്ലാ കാര്യാലയം

തീയതി :10.01.2020
ഇ-മെയിൽ: lfadtvm@yahoo.in

**ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന)**

**ചെമ്മരുതി ഗ്രാമപഞ്ചായത്ത്**

സർ,

വിഷയം : ചെമ്മരുതി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

**വിശ്വസ്തതയോടെ,**

**ഒപ്പ്**

**ഡെപ്യൂട്ടി ഡയറക്ടർ**

<u>പകർപ്പ് :</u>

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/റ്റി.വി.എം/ജി.പി7/2181/2019 തീയതി: 10.01.2020

## തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം1-വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.02.2019 മുതൽ 22.11.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 61 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 56 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.പി.ഉണ്ണികൃഷ്ണൻ,<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.11.2019 മുതൽ<br>30.11.2019 വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ. മനേഷ്.ബി.എച്ച്. | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ലേഖ.എം.എൽ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. സുജേഷ്.എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. ശരത്.ജെ.ശങ്കർ | ഓഡിറ്റർ |
| ശ്രീ. സ്വാലിഹ്.സി.പി. | ഓഡിറ്റർ |

### നിർവഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ. എ.എച്ച്.സലിം | 01.04.2018 മുതൽ<br>31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. സുപിൻ.വി. | 01.04.2018 മുതൽ |

| | | |
|---|---|---|
| | | 31.03.2019 വരെ |

<u>നിർവ്വഹണോദ്യോഗസ്ഥർ</u>

| നിർവഹണോദ്യോഗസ്ഥർ | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. രാജേഷ്.ആർ. | 01.04.2018 മുതൽ<br>31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. വിനരാജ് ഡി. | 01.04.2018 മുതൽ<br>20.06.2018 വരെ |
| | ശ്രീ. അരുൺ ടിറ്റി | 21.06.2018 മുതൽ<br>15.07.2018 വരെ |
| | ശ്രീ. വിനരാജ് ഡി. | 16.07.2018 മുതൽ<br>31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ<br>(സി.എച്ച്.സി) | ഡോ. അൻവർ അബ്ബാസ് | 01.04.2018 മുതൽ<br>31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ഡോ.സൗമ്യ ശശിധരൻ നായർ | 01.04.2018 മുതൽ<br>31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | ഡോ.മുരളികൃഷ്ണൻ | 01.04.2018 മുതൽ<br>31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ.അർച്ചനസത്യൻ | 01.04.2018 മുതൽ<br>31.03.2019 വരെ |
| വി.ഇ.ഒ - 1 | ശ്രീ. ബിജു.ജി | 01.04.2018 മുതൽ<br>31.03.2019 വരെ |
| വി.ഇ.ഒ - 2 | ശ്രീ. പ്രവീൺ | 01.04.2018 മുതൽ<br>31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി പ്രീതി | 01.04.2018 മുതൽ<br>31.03.2019 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി അൽമാസ് അഷ്റഫ് | 01.04.2018 മുതൽ<br>31.03.2019 വരെ |
| എച്ച്.എം,<br>ഗവ. എൽ.പി.എസ്.<br>പനയറ | ശ്രീമതി ഗീതാകുമാരി | 01.04.2018 മുതൽ<br>31.03.2019 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി.ജയശ്രീ.ഐ. | 01.04.2018 മുതൽ<br>28.11.2018 വരെ |
| | ശ്രീമതി ശ്രീത.റ്റി. | 29.11.2018 മുതൽ<br>31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം- 1<br>ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ബജറ്റ് രൂപീകരണം-നടപടിക്രമം പാലിച്ചില്ല | 1-12 |
| 13 | പദ്ധതി രൂപീകരണം - വേണ്ടത്ര ജാഗ്രതയില്ല | 1-13 |
| 14 | തനത് ഫണ്ട് നിക്ഷേപത്തിനായി ഒന്നിലധികം അക്കൗണ്ടുകൾ | 1-14 |
| 15 | രസീത് ബുക്ക് കൈകാര്യം ചെയ്യുന്നതിൽ ഗുരുതര പിഴവ് | 1-15 |
| 16 | മാർക്കറ്റ് ലേലം - നിബന്ധനകൾ പാലിച്ചില്ല | 1-16 |
| 17 | കെട്ടിട നിർമ്മാണ പെർമിറ്റ് നൽകൽ - പ്ലാനിലെ അപാകങ്ങൾ | 1-17 |
| 18 | കെട്ടിട നിർമ്മാണ പെർമിറ്റ് ക്രവത്കരണ ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ | 1-18 |
| 19 | സഞ്ചയ സോഫ്റ്റ് വെയർ പ്യൂരിഫിക്കേഷൻ- ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണയം നടത്തുന്നു | 1-19 |
| 20 | വസ്തു നികുതി - മേഖലാ നിർണയത്തിലെ അപാകങ്ങൾ | 1-20 |
| 21 | വസ്തുനികുതി- സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-21 |
| 22 | വസ്തു നികുതി ഡിമാന്റ് രേഖപ്പെടുത്താതെ കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കുന്നു | 1-22 |
| 23 | വസ്തു നികുതി - റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു | 1-23 |
| 24 | ഒഴിവായി കിടക്കുന്ന കെട്ടിടത്തിന് മുൻകാല പ്രാബല്യത്തിൽ വസ്തുനികുതി ഇളവ് നൽകി | 1-24 |
| 25 | അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത | 1-25 |
| 26 | വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കുന്നതിൽ അപാകത | 1-26 |
| 27 | മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയില്ല | 1-27 |
| 28 | കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-28 |
| 29 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകങ്ങൾ | 1-29 |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| 30 | തൊഴിൽ നികുതി പൂർണമായും ഈടാക്കുന്നില്ല | 1-30 |
| 31 | റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 1-31 |
| 32 | ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ് | 1-32 |
| 33 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-33 |
| 34 | പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല | 1-34 |
| 35 | എസ്.എൽ.ഐ. പ്രീമിയം - ഈടാക്കിയതിൽ കുറവ് | 1-35 |
| 36 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി- കേടായവ ലേലം ചെയ്യേണ്ടതാണ് | 1-36 |
| 37 | വെള്ളക്കര കുടിശ്ശിക പൊതു ടാപ്പുകളുടെ എണ്ണത്തിന് അനുസൃതമായി ഒടുക്ക് വരുത്തേണ്ടതാണ് | 1-37 |
| 38 | കൃഷി ഭവൻ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ - കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - അപാകങ്ങൾ | 1-38 |
| 39 | രോഗം വന്ന തെങ്ങുകൾ മുറിച്ച് മാറ്റൽ - ചെലവ് രേഖകളുടെ അഭാവത്തിൽ 536900/- രൂപ തടസ്സപ്പെടുത്തുന്നു | 1-39 |
| 40 | തരിശ് ഭൂമി കൃഷി- അധിക തുക ചെലവഴിച്ചു. രേഖകളുടെ അഭാവത്തിൽ 761875/- രൂപ തടസ്സപ്പെടുത്തുന്നു | 1-40 |
| 41 | ഇടവിള കൃഷി - ക്വട്ടേഷൻ വ്യവസ്ഥകൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു- 72500/- രൂപ തടസ്സപ്പെടുത്തുന്നു | 1-41 |
| 42 | ഹരിത ഭവനം - പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടില്ല | 1-42 |
| 43 | മുട്ടക്കോഴിയും കൂടും - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ -273000/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു | 1-43 |
| 44 | ആട് വളർത്തൽ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-44 |
| 45 | എ.ബി.സി പ്രോഗ്രാം - ചെലവ് രേഖകൾ ഹാജരാക്കിയില്ല- 200000/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു | 1-45 |
| 46 | അംഗീകാരം വാങ്ങിയ പ്രവൃത്തികൾ നടപ്പാക്കാൻ കാലതാമസം | 1-46 |
| 47 | ചാവടിമുക്ക് ഗ്രന്ഥശാല മെയിന്റനൻസ് - അധിക ചെലവ് 2694 രൂപ | 1-47 |
| 48 | സ്ഥല പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു | 1-48 |
| 49 | മുത്താന മിനി സ്റ്റേഡിയത്തിന് ബോർഡ് സ്ഥാപിക്കൽ - നിയതമായ രീതി പിന്തുടർന്നില്ല | 1-49 |
| 50 | ആർ.കെ.എം.യു.പി.എസ് റോഡിലെ ഐറിഷ് ഡ്രെയിൻ വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി പൊളിച്ചു മാറ്റി | 1-50 |
| 51 | പി.എം.എ.വൈ ഭവന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-51 |
| 52 | ലൈഫ് ഭവന പദ്ധതി- തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല | 1-52 |
| 53 | കിണർ റീചാർജ്ജിംഗ്- ആനുപാതികമായി പദ്ധതി ചെലവ് നടത്തിയില്ല | 1-53 |
| 54 | പ്ലാസ്റ്റിക് രഹിത ഗ്രാമം- അടങ്കൽ തുകയിലും അധികരിച്ച് ചെലവ് ചെയ്തു | 1-54 |
| 55 | ബഡ്സ് സ്കൂൾ വാഹന വാടക 3840 രൂപ അധികം നൽകി | 1-55 |
| 56 | ഹോമിയോ ആശുപത്രിക്ക് ഫർണിച്ചർ വാങ്ങൽ- നടപടിക്രമങ്ങളിലെ വീഴ്ച | 1-56 |
| 57 | കുടുംബാരോഗ്യ കേന്ദ്രത്തിന് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ - നടപടിക്രമങ്ങളിൽ വീഴ്ച | 1-57 |
| 58 | കുടുംബാരാഗ്യകേന്ദ്രത്തിൽ ലാബ് നവീകരണം- നടപടിക്രമങ്ങളിലെ വീഴ്ച | 1-58 |
| 59 | ആശുപത്രി മാനേജിംഗ് കമ്മിറ്റി - നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 1-59 |
| 60 | മഴക്കാല പൂർവ ശുചീകരണം- പ്രവർത്തനങ്ങളിലെ അപാകതകൾ | 1-60 |
| 61 | എസ്.എസ്.എ വിഹിതം - നല്കിയ തുക അധികരിച്ച് വിനിയോഗ | 1-61 |

| | | |
|---|---|---|
| | സാക്ഷ്യപത്രം | |
| 62 | സമ്പൂർണ സാക്ഷരത- അനുബന്ധ രേഖകൾ ഇല്ല | 1-62 |
| | **ഭാഗം-2**<br>**വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | **ഇല്ല** | |
| | **ഭാഗം-3**<br>**ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 63 | ചാവടിമുക്ക് ഗ്രന്ഥശാല മെയിന്റനൻസ് - അധിക ചെലവ് 2694 രൂപ | 3-1 |
| 64 | മഴക്കാല പൂർവ ശുചീകരണം- പ്രവർത്തനങ്ങളിലെ അപാകതകൾ | 3-2 |
| 65 | ബഡ്സ് സ്കൂൾ പ്രവർത്തനം മെച്ചപ്പെടുത്തൽ - വാഹന വാടക 3840 രൂപ അധികം നൽകി | 3-3 |
| | **ഭാഗം-4**<br>**പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 66 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 64 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 65 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 66 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 67 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 68 | സ്ഥിര നിക്ഷേപം | 4-6 |
| 69 | ഓഡിറ്റ് റിക്കവറി | 4-7 |
| 70 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 71 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 72 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 73 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


# <u>ഭാഗം -1</u>
# <u>ഓഡിറ്റ് റിപ്പോർട്ട്.</u>

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് 23.03.2018ലെ 1 ാം നമ്പർ തീരുമാനപ്രകാരം അഗീകരിച്ച. എന്നാൽ, പുതുക്കിയ ബജറ്റ് 08.05.2019ലാണ് അംഗീകരിച്ചത് (തീരുമാനം നമ്പർ 3/1).

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട | ലഭിച്ച | അപാകത പരിഹരിക്കാൻ | അപാകത പരിഹരിച്ച് |
|---|---|---|---|

| തീയതി | തീയതി | തിരിച്ചയച്ച തീയതി | ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 10.05.2019 | - | - |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12447163 |
| വരവ് | 112448754 |
| ആകെ | 124895917 |
| ചെലവ് | 99665679 |
| നീക്കിയിരിപ്പ് | 25230238 |

# 1-4 ഫണ്ട് വിനിയോഗം

<table>
<tr><th colspan="3">ഫണ്ടിനം</th><th>മുന്നിരിപ്പ്</th><th>വരവ്</th><th>ആകെ</th><th>ചെലവ്</th><th>നീക്കിയിരിപ്പ്</th></tr>
<tr><td colspan="3">വികസന ഫണ്ട്-ജനറൽ</td><td>0</td><td>23042194</td><td>23042194</td><td>23042194</td><td>0</td></tr>
<tr><td colspan="3">വികസന ഫണ്ട്-എസ്.സി.പി</td><td>0</td><td>18102211</td><td>18102211</td><td>18102211</td><td>0</td></tr>
<tr><td colspan="3">മെയിന്റനൻസ് ഫണ്ട് - റോഡ്</td><td>0</td><td>13067000</td><td>13067000</td><td>13067000</td><td>0</td></tr>
<tr><td colspan="3">മെയിന്റനൻസ് ഫണ്ട് - നോൺ-റോഡ്</td><td>0</td><td>4919000</td><td>4919000</td><td>4919000</td><td>0</td></tr>
<tr><td colspan="3">സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്</td><td>0</td><td>9876145</td><td>9876145</td><td>9876145</td><td>0</td></tr>
<tr><td colspan="3">സാക്ഷരത</td><td>4389</td><td>34582</td><td>38971</td><td>0</td><td>38971</td></tr>
<tr><td rowspan="2">എം.ജി.എൻ. ആർ.ഇ.ജി.എസ്</td><td colspan="2">തൊഴിലാളികളുടെ കൂലി</td><td>0</td><td>27861391</td><td>27861391</td><td>27861391</td><td>0</td></tr>
<tr><td colspan="2">അഡ്മിനിസ്ട്രേറ്റീവ് ചെലവ്</td><td>20120</td><td>309940</td><td>330060</td><td>231270</td><td>98790</td></tr>
<tr><td rowspan="2" colspan="2">ജോയിന്റ് വെഞ്ചർ അക്കൗണ്ട്</td><td>ബ്ലോക്ക്പഞ്ചായത്ത്</td><td>53968</td><td>3882315</td><td>3936283</td><td>2311265</td><td>1625018</td></tr>
<tr><td>ജില്ലാപഞ്ചായത്ത്</td><td>100000</td><td>2230649</td><td>2330649</td><td>2078115</td><td>252534</td></tr>
<tr><td colspan="3">ബി ഫണ്ട്</td><td>0</td><td>677880</td><td>677880</td><td>677880</td><td>0</td></tr>
<tr><td colspan="3">ജനറൽ പർപ്പസ് ഗ്രാന്റ്</td><td>239581</td><td>19903179</td><td>20142760</td><td>11951779</td><td>8190981</td></tr>
<tr><td rowspan="3">തനത് ഫണ്ട്</td><td rowspan="3">ബാങ്ക് അക്കൗണ്ട്</td><td>കേരള ഗ്രാമീൺ ബാങ്ക്</td><td>2740427</td><td rowspan="3">15595709</td><td rowspan="3">27944420</td><td rowspan="3">13244749</td><td>6697858</td></tr>
<tr><td>SBI</td><td>7534</td><td>112494</td></tr>
<tr><td>ചെമ്മരുതി സർവീസ് സഹകരണ ബാങ്ക്-ഇ-പേയ്മെന്റ്</td><td>9600750</td><td>7889319</td></tr>
<tr><td colspan="3">മറ്റിനം (BRC Fund)</td><td>206991</td><td>8405</td><td>215396</td><td>0</td><td>215396</td></tr>
<tr><td colspan="3">ക്യാഷ്</td><td>127171</td><td>145777</td><td>272948</td><td>127171</td><td>145777</td></tr>
</table>

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടു |
|---|---|---|---|---|---|---|

| | | | | | | കളുടെ ശതമാനം |
|---|---|---|---|---|---|---|
| 174 | 117054109 | 137 | 81879214 | - | 37 | 79 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 20120 | 309940 | 330060 | 231270 | 98790 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 27861391 | 27861391 | 27861391 | 0 |
| ആകെ | 20120 | 28171331 | 28191451 | 28092661 | 98790 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 257880 | 151 |
| കർഷകതൊഴിലാളി പെൻഷൻ | 3384800 | 264 |
| വിധവാപെൻഷൻ | 17625100 | 1556 |
| വാർദ്ധക്യകാലപെൻഷൻ | 34943000 | 3136 |
| വികലാംഗപെൻഷൻ | 5555500 | 457 |
| വിവാഹധനസഹായം | 420000 | 14 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ളപെൻഷൻ | 279500 | 24 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.11.2019, 3 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16902/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

1) സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

2) സാധനങ്ങൾ സമാഹരിക്കുന്നതിൽ പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ സജീവമായ ഇടപെടൽ ഉണ്ടാകുന്നില്ല.

3)ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്.

4) അസിസ്റ്റന്റ് സെക്രട്ടറി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവരുടെ ഫയൽ സൂക്ഷിപ്പ് പ്രശംസനീയമാണ്. എന്നാൽ, മെഡിക്കൽ ഓഫീസർ - സി.എച്ച്.സി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ ഫയൽ / രേഖകൾ സൂക്ഷിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല.

5) പദ്ധതി രൂപീകരണത്തിൽ മാർഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

6)തനത് വരവുകൾ സമാഹരിക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

7) മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതക മൂലം ഭൂരിഭാഗം എസ്റ്റിമേറ്റുകളും റിവൈസ് ചെയ്യേണ്ടിവന്നിട്ടുണ്ട്.

8) പ്ലാസ്റ്റിക് രഹിത ഗ്രാമം പ്രോജക്ടിനായി അടങ്കൽ തുകയിലും അധികരിച്ച് ചെലവ് ചെയ്തു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.11.2019 | 09/2019 മുതൽ 10/2019 വരെ | 04.11.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.11.2016 മുതൽ 19.11.2019 വരെ | 2011-12 മുതൽ 2015-16 വരെ | 28.12.2016 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

2018-19 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് കെ.എസ്.എ.റ്റി.വി.എം /ജി.പി. 7/1214/19 തീയതി 18.07.2019 പ്രകാരം റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.

# 1-12 ബജറ്റ് രൂപീകരണം-നടപടിക്രമം പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ ആവശ്യപ്പെടൽ | 2017ഡിസംബർ 15-ന് മുൻപ് | 05/12/17ന് പ്രൊപ്പോസൽ ആവശ്യപ്പെട്ടു |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | 2018ജനവരി 15-ന് മുൻപ് | സമർപ്പിച്ചിട്ടില്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ചേരൽ | 2018ജനവരി 25-ന് മുൻപ് | 27.02.18 |

| | | | |
|---|---|---|---|
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | 2018ഫെബ്രുവരി 1-ന് മുൻപ് | 09.03.18. |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2018ഫെബ്രുവരി 28-ന് മുൻപ് | 20.03.18 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ | 2018മാർച്ച് 1-ന് മുൻപ് | 20.03.18 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | 2018മാർച്ച് 7-ന് മുൻപ് | 23.03.18 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | 2018മാർച്ച് 31-ന് മുൻപ് | 23.03.18 |

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മേൽ സാഹചര്യത്തിൽ ബജറ്റിൽ ഉൾപ്പെടാത്ത ഇനങ്ങളിൽ ചെലവുകൾ നടത്തിയിട്ടുണ്ടോയെന്നും ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. കൂടാത പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് ബജറ്റ് തയ്യാറാക്കിയത്. പുതുക്കിയ ബജറ്റ് 08.05.2019ലാണ് അംഗീകരിച്ചത് (തീരുമാനം നമ്പർ 3/1). നടപടിക്രമങ്ങൾ പൂർണമായും പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

# 1-13 പദ്ധതി രൂപീകരണം - വേണ്ടത്ര ജാഗ്രതയില്ല

എ)ഗ്രാമ പഞ്ചായത്തിലെ പദ്ധതി രൂപീകരണത്തിൽ, സ.ഉ.(കൈ) നം.11/2018/തസ്വഭവ തീയതി

29.01.2018-ാം നമ്പർ പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധയില്ല.

| ക്രമ നം. | ഉത്തരവ് പ്രകാരം | പഞ്ചായത്തിന്റെ നടപടി |
|---|---|---|
| 1 | തദ്ദേശഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു വേണ്ട സഹായം നൽകുക എന്നതാണ് ആസൂത്രണ സമിതിയുടെ പ്രധാന ദൗത്യം. മറ്റൊരു ചുമതല ആസൂത്രണ, നിർവ്വഹണ പ്രക്രിയകളിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ ഭരണ സമിതിയെ സഹായിക്കുക എന്നതാണ്. പ്രോജക്റ്റുകൾ തയ്യാറാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് സഹായം നൽകുക എന്നത് പ്രധാന ചുമതലകളിൽപ്പെടുന്നു. | 2018-19 വാർഷിക പദ്ധതിക്കായുള്ള ആസൂത്രണ സമിതി 08.12.17, 02.02.18, 22.02.18 എന്നീ തീയതികളിൽ യോഗം കൂടി. ആദ്യ രണ്ട് യോഗങ്ങളിൽ കരട് പദ്ധതി രേഖ തയ്യാറാക്കുന്നതിനും സ്റ്റാറ്റസ് റിപ്പോർട്ട് അപ്ഡേറ്റ് ചെയ്യുന്നതിനും വർക്കിംഗ് ഗ്രൂപ്പുകൾക്ക് നിർദ്ദേശം നൽകി. 22.02.18ലെ യോഗം കരട് പദ്ധതി രേഖ അംഗീകരിച്ചു. |
| 2 | വാർഷിക പദ്ധതി രൂപീകരണത്തിന് മുന്നോടിയായി തദ്ദേശഭരണ സ്ഥാപനം ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനഃസംഘടിപ്പിച്ചുകഴിഞ്ഞാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ ആഭിമുഖ്യത്തിൽ നിലവിലുള്ള അവസ്ഥാരേഖ കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്. | 08.12.17ലെ ആസൂത്രണ സമിതിയോഗംസ്റ്റാറ്റസ് റിപ്പോർട്ട് അപ്ഡേറ്റ് ചെയ്യുന്നതിനും വർക്കിംഗ് ഗ്രൂപ്പുകൾക്ക് നിർദ്ദേശം നൽകിയിരുന്നു. 2017-2022 കാലയളവിലെ സ്റ്റാറ്റസ് റിപ്പോർട്ട് ലഭ്യമാക്കി. എന്നാൽ 2018-19 വർഷം കാലികമാക്കിയ സ്റ്റാറ്റസ് |

| | | |
|---|---|---|
| | | റിപ്പോർട്ട് ലഭ്യമാക്കിയില്ല. (സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കിയിട്ടില്ലെന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 53ന്റെ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്). |

ബി)പ്രോജക്ട് രൂപീകരണത്തിൽ, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളും സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകളും സംയോജിപ്പിച്ചുള്ള പ്രവർത്തനങ്ങൾ നടക്കുന്നില്ല.

i) വിവിധ മരാമത്ത് പ്രവൃത്തികൾ വർക്കിംഗ് ഗ്രൂപ്പിലെ നിർദ്ദേശമായി ഉയർന്നുവരികയോ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയാവുകയോ ചെയ്തതായി കാണുന്നില്ല. പൊതുകുളങ്ങളുടെ മെയിന്റനൻസ്, ചാവടിമുക്ക് ഗ്രന്ഥശാല മെയിന്റനൻസ്, ഗവ. എൽ. പി. സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് റൂം എന്നിവ ഉദാഹരണങ്ങളാണ്. പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ സാരമായ മാറ്റം വരുത്തി പുതുക്കിയിട്ടുമുണ്ട്. പ്രോജക്ടുകളുടെ രൂപീകരണത്തിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തമില്ലാഞ്ഞതാണ് ഇതിന് കാരണമെന്ന് വിലയിരുത്തുന്നു. അടിയന്തിരമായി നടപ്പാക്കേണ്ടവയാണെന്ന പഞ്ചായത്ത് കമ്മിറ്റി നിരീക്ഷണത്തെ തുടർന്നാണ് പ്രസ്തുത പ്രവൃത്തികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതെന്നാണ് വിശദീകരണം ( ഓഡിറ്റ് എൻക്വയറി നമ്പർ 27/26.11.2019ന്റെ മറുപടി)

ii) സാമൂഹ്യ നീതി വർക്കിംഗ് ഗ്രൂപ്പിന്റെ 08.02.2018ലെ യോഗത്തിൽ സ്വന്തമായി ഭൂമി ലഭ്യമായിട്ടുള്ള 100, 106, 108 നമ്പർ അംഗൻവാടികൾക്ക് കെട്ടിടനിർമ്മാണം ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ കെട്ടിട നിർമ്മാണ പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കിയില്ല.

iii) ബഡ്സ് സ്കൂളിനായി 100000 രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതം 18-19 വർഷം ലഭിച്ചിരുന്നു. പ്രോജക്ടിൽ തുക വകയിരുത്തുകയോ ചെലവഴിക്കുകയോ ചെയ്തില്ല. പ്രോജക്ട് രൂപീകരണ സമയത്ത് ബ്ലോക്ക് ഷെയറിനെക്കുറിച്ച് വ്യക്തമായ അറിയിപ്പ് ലഭ്യമായിരുന്നില്ലെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥയുടെ വിശദീകരണം.

iv) 2018-19പദ്ധതി രൂപീകരണം സംബന്ധിച്ച നടപടികൾ സ്വീകരിച്ച സമയക്രമം ചുവടെ ചേർക്കുന്നു.

| നടപടിക്രമം | തീയതി |
|---|---|
| ആസൂത്രണസമിതി കരട് പദ്ധതിരേഖ തയ്യാറാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നിർദ്ദേശം നൽകിയത് | 02.02.2018 |
| ആസൂത്രണസമിതി കരട് പദ്ധതിരേഖ അംഗീകരിച്ചത് | 22.02.2018 |
| വർക്കിംഗ് ഗ്രൂപ്പുകൾ വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് യോഗങ്ങൾ കൂടിയത് | 26.02.2018 |
| വികസന സ്റ്റാന്റിംഗ് കമ്മിറ്റി പ്രോജക്ട് നിർദ്ദേശങ്ങൾ ഭരണ സമിതിയോട് ശുപാർശ ചെയ്തത് | 17.02.2018 |

വാർഷിക പദ്ധതി അടിയന്തിരമായി തയ്യാറാക്കി അംഗീകാരം നേടുന്നതിന് ജില്ല ആസൂത്രണ സമിതി നിർദ്ദേശം ലഭിച്ച സാഹചര്യത്തിലാണ് നടപടിക്രമം പാലിക്കുന്നതിൽ അപാകത സംഭവിച്ചതെന്ന് വിശദീകരിച്ചിട്ടുണ്ട്.

ലഭ്യമായ വിഭവങ്ങളെ പരമാവധി ഉപയോഗപ്പെടുത്തി വ്യത്യസ്ത വിഭാഗങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തിയുള്ള ആസൂത്രണം വഴി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭൂപ്രദേശത്തിന്റെയും അവിടത്തെ ജനങ്ങളുടെയും സമഗ്ര വികസനവും പുരോഗതിയും കൈവരിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 തനത് ഫണ്ട് നിക്ഷേപത്തിനായി ഒന്നിലധികം അക്കൗണ്ടുകൾ

സർക്കുലർ 58725/എഫ്.എം.3.2008/ തസ്വഭവ/ 26.5.11 പ്രകാരം തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്നുണ്ട്. ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ നിലനിർത്താൻ പാടുള്ളതുമല്ല്ല. പഞ്ചായത്തിന്റെ തനത് ഫണ്ടുകൾ കേരള ഗ്രാമീൺ ബാങ്കിലും ചെമ്മരുതി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലുമായി രണ്ട് അക്കൗണ്ടുകളിലായാണ് നിക്ഷേപിക്കുന്നത്. ഇതു കൂടാതെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലും തനത് ഫണ്ടിനായി അക്കൗണ്ടുണ്ട്. തനത് ഫണ്ട് ഒരു അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 23/25.11.2019). സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-15 രസീത് ബുക്ക് കൈകാര്യം ചെയ്യുന്നതിൽ ഗുരുതര പിഴവ്

**1)വെറ്റിനറി സർജൻ**

വിവിധ പ്രോജക്ടുകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിനായി വെറ്റിനറി സർജന് അനുവദിച്ച രസീത് ബുക്കുകൾ ഉപയോഗിക്കുന്നത് സംബന്ധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു.

a) തുക പിരിച്ചെടുക്കുമ്പോൾ ഗുണഭോക്താക്കൾക്ക് നൽകുന്ന രസീതുകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി 17312, 17313, 17314, 17315, 17331, 17334, 17335 എന്നീ നമ്പറുകളിലെ രസീതു ബുക്കുകളിലെ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ച വശങ്ങളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ രസീത് നൽകിയശേഷം പേന ഉപയോഗിച്ച് ഓഫീസ് പകർപ്പ് രസീതിൽ തീയതി രേഖപ്പെടുത്തിയിരിക്കുന്നു.

b)വെറ്റിനറി സർജൻ ഒന്നിലധികം രസീത് ബുക്കുകൾ ഒരേ സമയം കൈപ്പറ്റിയിട്ടുണ്ട്. കൂടാതെ അനുവദിച്ച രസീത് ബുക്കുകളിലെ രസീതുകൾ പൂർണമായും ഉപയോഗിക്കാതെ വ്യത്യസ്ഥ രസീതുബുക്കുകൾ ഉപയോഗിച്ച് തുക പിരിച്ചെടുക്കുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | രസീത് ബുക്ക് നമ്പർ | ഉപയോഗിച്ച രസീതുകൾ |
|---|---|---|
| 1 | 17312 | 1 മുതൽ 38 വരെ |
| 2 | 17313 | 1 മുതൽ 62 വരെ |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| 3 | 17315 | 1 മുതൽ 79 വരെ |

c)ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത തുക ഗ്രാമപഞ്ചായത്തിൽ ഒടുക്ക് വരുത്തുന്നതിൽ കാലതാമസം. ഉദാഹരണം ചുവടെ ചേർക്കുന്നു.

| രസീത് ബുക്ക് നമ്പർ | രസീത് നമ്പർ | തീയതി | പിരിച്ചെടുത്ത തുക | ഒടുക്കിയ തീയതി |
|---|---|---|---|---|
| 17312 | 14 മുതൽ 15 വരെ | 12.10.18 | 16000 | 23.10.2018 |
| 17313 | 60 മുതൽ 62വരെ | 22.03.19 | 12000 | 26.03.2019 |
| 17314 | 1 മുതൽ 74 വരെ | 19.02.19 | 50530 | 22.02.2019 |
| 17315 | 1 മുതൽ 27 വരെ | 19.02.19 | 2750 | 22.02.2019 |

d)താഴെപ്പറയുന്ന രസീതുകൾ പ്രകാരം പിരിച്ചെടുത്ത തുക ഗ്രാമപഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടില്ല.

| രസീത് ബുക്ക് നമ്പർ | രസീത് നമ്പർ | പേര് | ഇനം | തുക |
|---|---|---|---|---|
| 17314 (രസീതിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല) | 23 | സലീനാ ബീവി | മട്ടുപ്പാവിൽ മുട്ടക്കോഴി | 4900 |
| | 24 | മുംതാസ് | മട്ടുപ്പാവിൽ മുട്ടക്കോഴി | 4900 |
| | 25 | ദിവ്യാ ദർശ് | മട്ടുപ്പാവിൽ മുട്ടക്കോഴി | 4900 |
| | 26 | അനിത | മട്ടുപ്പാവിൽ മുട്ടക്കോഴി | 4900 |
| **ആകെ** | | | | **19600** |

മട്ടുപ്പാവിലെ മുട്ടക്കോഴി എന്ന പ്രോജക്ട് പ്രകാരമാണ് മേൽ തുക പിരിച്ചെടുത്തതെന്നും എന്നാൽ പ്രോജക്ട് ഉപേക്ഷിച്ചതിനാൽ തൊട്ടടുത്ത ദിവസം തന്നെ പിരിച്ചെടുത്ത തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകിയെന്നും ആയതിനാലാണ് ഗ്രാപഞ്ചായത്തിൽ ഒടുക്കു വരുത്താത്തതെന്നും ഓഡിറ്റ് എൻക്വയറി നം.44/28.11.19 ന് മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ തുക തിരികെ നൽകിയപ്പോൾ ഗുണഭോക്താക്കളിൽ നിന്നും ശേഷിച്ച രസീതിന്റെ അസൽ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്ത തുക തിരികെ നൽകിയതിന്റെ രേഖകൾ ഉൾപ്പെട്ട വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

**2)കൃഷി ഓഫീസർ**

ഗുണഭോക്തൃ വിഹിതം നേരിട്ട് പിരിച്ചെടുക്കുന്നതിന് പകരം ഗുണഭോക്താക്കൾക്ക് നൽകിയ തുകയിൽ നിന്നും തുക കിഴിവ് ചെയ്ത് രസീത് രേഖപ്പെടുത്തുന്നു. 01.03.2019 മുതൽ ഗുണഭോക്താക്കളിൽ നിന്നും കിഴിവ് ചെയ്ത രസീത് രേഖപ്പെടുത്തിയ തുകയായ 49120/- രൂപ 27.03.2019-ൽ മാത്രമാണ് ഗ്രാമപഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുള്ളത്. തൻവർഷം നൽകിയ രസീത് നമ്പർ17317, 40797, 40803 പ്രകാരമുള്ള രസീതുകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 57/30.11.19 ന് മറുപടി ലഭ്യമാക്കിയില്ല.

**3)പുറംപിരിവിനായി ഒന്നിലധികം രസീത് ബുക്കുകൾ ഒരേ സമയം വിതരണം ചെയ്തു**

പഞ്ചായത്തിൽ ചുവടെപ്പറയും പ്രകാരം ഒരു ജീവനക്കാരൻ ഒരേ സമയത്ത് ഒന്നിലധികം രസീത് ബുക്കുകൾ കൈവശം വച്ച് പണം പിരിവ് നടത്തി.

| ക്രമ നമ്പർ | വിതരണ തീയതി | ജീവനക്കാരന്റെ പേര് | കൈവശംവച്ച രസീത് ബുക്കിന്റെ എണ്ണവും നമ്പറും |
|---|---|---|---|
| 1 | 14.11.2019 | ബാലു . ജി | 3 (40820,40822,40829) |
| 2 | 05.11.2019 | ആശ മോൾ | 2 (40818,40819) |
| 3 | 15.11.2019 | രജിത .ആർ | 4 (40816,40821,40828,40831) |
| 4 | 24.03.2019 | ആശ മോൾ | 4 (40794,40800,40798,40802) |
| 5 | 22.3.2019 | ബാലു. ജി | 3 (40792,40795,40801) |

ജി.ഒ.(എം.എസ്.)83/11/ത.സ്വ.ഭ.വ 28.03.2011. അധ്യായം 8 ചട്ടം 83 പ്രകാരം ഒഴിവാക്കാനാകാത്ത സന്ദർഭങ്ങളൊഴികെയുള്ള എല്ലാ അവസരങ്ങളിലും ലഭിച്ച രസീത് ബുക്ക് പൂർണമായും ഉപയോഗിച്ചു തീരുകയും കൗണ്ടർ ഫോയിൽ പഞ്ചായത്തിൽ തിരിച്ചേല്പിക്കുകയും ചെയ്യാതെ പുതിയ രസീത് ബുക്ക് നല്കാൻ പാടില്ലാത്തതാണ്. പുതിയ രസീത് ബുക്ക് നൽകുകയാണെങ്കിൽ കാരണം വ്യക്തമായി പുതിയ രസീത് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. പഞ്ചായത്ത് 100% നികുതി പിരിവ് യജ്ഞത്തിന്റെ ഭാഗമായി നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി ടെക്നിക്കൽ അസിസ്റ്റന്റ്, ലൈബ്രേറിയൻ, ആയ (നഴ്സറി പാർട്ട് ടൈം) എന്നീ ജീവനക്കാർക്ക് ഫീൽഡ് തലത്തിൽ ഭവന സന്ദർശനം നടത്തി നികുതി പിരിക്കുന്നതിന് ചുമതല നൽകിയിരുന്നതായും പ്രസ്തുത ജീവനക്കാർ താൽക്കാലിക ജീവനക്കാർ ആയതിനാലാണ് അവരുടെ പേരിൽ ബുക്ക് നൽകുന്നതിന് പകരം കളക്ഷൻ ജീവനക്കാരുടെ പേരിൽ രസീത് ബുക്ക് അനുവദിച്ചതെന്നുമാണ് ഇതു സംബന്ധിച്ച വിശദീകരണം (ഓഡിറ്റ് എൻക്വയറി 22/ 25.11.2019 ന്റെ മറുപടി).

കേരള പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ കർശനമായും പാലിച്ച് രസീത് ബുക്കുകൾ പരിപാലിക്കേണ്ടതാണ്.

# 1-16 മാർക്കറ്റ് ലേലം - നിബന്ധനകൾ പാലിച്ചില്ല

പഞ്ചായത്തിന്റെ അധീനതയിലുള്ള തച്ചോട്, മുട്ടപ്പലം മാർക്കറ്റുകൾ ലേലം ചെയ്തതിൽ ചുവടെപ്പറയും പ്രകാരം ലേല നിബന്ധനകൾ പാലിച്ചിട്ടില്ല.

| ക്രമ നം. | നിബന്ധനകൾ | തച്ചോട് മാർക്കറ്റ് | മുട്ടപ്പലം മാർക്കറ്റ് |
|---|---|---|---|
| 1 | ലേലം പിടിച്ച ആൾ ലേല തുകയുടെ രണ്ടിലൊന്ന് അപ്പോൾ തന്നെ സെക്യൂരിറ്റി | 28.02.2018ന് 405000 രൂപക്ക് ലേലം കൊണ്ടുവെങ്കിലും 117230107646/28.2.18 രസീത് പ്രകാരം | 28.2.18ന് 100000രൂപക്ക് ലേലം കൊണ്ടുവെങ്കിലും |

| | | | |
|---|---|---|---|
| | ഡെപ്പോസിറ്റായി കെട്ടിവെക്കേണ്ടതാണ്. | 100000 രൂപ മാത്രമാണ് അടവാക്കിയത് | 68334/- രൂപ 117230168118 രസീത് പ്രകാരം 28.03.2018 ന് മാത്രമാണ് അടവാക്കിയത് |
| 2 | ലേലം അംഗീകരിച്ച അറിയിപ്പ് ലഭിച്ചാൽ 31.03.2018 ന മുൻപായി ബാക്കി തുകയ്ക്ക് തഹസിൽദാരിൽ നിന്നും 6 മാസത്തിനകം ലഭിച്ച ഇരട്ടി തുകയ്ക്കുള്ള സോൾവെൻസി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 3 | സോൾവെൻസി സർട്ടിഫിക്കറ്റ് ഹാജരാക്കി 200 രൂപക്കുള്ള മുദ്രപത്രത്തിൽ സെക്രട്ടറിയുമായി കരാർ ഉടമ്പടി വെച്ച ശേഷം മാത്രം 1.4.2018 മുതൽ ഫീസ് പിരിവ് നടത്തേണ്ടതാണ്. | ചമച്ചിരിക്കുന്ന കരാർ പത്രം ശൂന്യമാണ്. | ചമച്ചിരിക്കുന്ന കരാർ പത്രം ശൂന്യമാണ്.<br>കരാർ ചമച്ചിരിക്കുന്നത് 8.6.2018 നാണ്. |
| 4 | പബ്ലിക് മാർക്കറ്റിലെ ഗേറ്റ് ഫീസ് പിരിവ് തുകയുടെ രണ്ടിലൊന്ന് അഡ്വാൻസ് കഴിച്ചുള്ള തുക രണ്ട് തുല്യ ഗഡുക്കളായി 31.7.2018, 31.10.2018 എന്നീ തീയതികളിൽ ഒടുക്കേണ്ടതാണ് | 118230104746/11.1.2019 രസീത് പ്രകാരം 100000 രൂപയും 118230105376/ 30.1.2019 രസീത് പ്രകാരം 205000 രൂപയും ആണ് അടവാക്കിയി രിക്കുന്നത്. | 118230105377/<br>30.1.2019 രസീത് പ്രകാരം<br>31666 രൂപയാണ് അടവാക്കിയി രിക്കുന്നത്. |
| 5 | നിശ്ചിത തീയതികളുള്ളിൽ ഒടുക്കേണ്ട ഗഡുക്കൾ ഒടുക്കാതിരുന്നാൽ 18% പിഴപലിശ ഈടാക്കുന്നതാണ് | ഈടാക്കിയിട്ടില്ല | ഈടാക്കി യിട്ടില്ല |
| 6 | നിയമാനുസൃതമായ എഗ്രിമെന്റ് യഥാവസരത്തിൽ വയ്ക്കാതിരുന്നാലോ,<br>ലേലം പിടിച്ച ആൾ അടയ്ക്കേണ്ടുന്ന ഗഡുക്കൾ കൃത്യസമയത്തു അടയ്ക്കാതിരിക്കുകയാ ണെങ്കിലോ ലേലവ്യവസ്ഥകൾ പാലിക്കാതിരിക്കുകയോ ചെയ്താൽ ലേലവകാശം റദ്ദ് ചെയ്ത് പുനർലേലം ചെയ്യുന്നതും ആദ്യ ലേലക്കാരൻ അടച്ചിട്ടുള്ള തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതുമായിരിക്കും | നിബന്ധന പ്രകാരം നടപടി സ്വീകരിച്ചിട്ടില്ല | നിബന്ധന പ്രകാരം നടപടി സ്വീകരിച്ചിട്ടില്ല |

സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കാൻ പലപ്രാവശ്യം ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ലായെന്നും ലേലതുക പൂർണമായി ഒടുക്കിയിട്ടുണ്ടെന്നുമാണ് വിശദീകരണം (ഓഡിറ്റ് എൻക്വയറി നമ്പർ 28/26.11.2019). ലേല തുക ഒടുക്കാത്ത സാഹചര്യമുണ്ടെങ്കിൽ സോൾവൻസി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ നിയമ നടപടികൾ സ്വീകരിക്കാൻ കഴിയാതെ വരും. ലേല നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-17 കെട്ടിട നിർമ്മാണ പെർമിറ്റ് നൽകൽ - പ്ലാനിലെ അപാകങ്ങൾ

**a)കുടിവെള്ള സ്രോതസ്സിന് സമീപം സെപ്റ്റിക് ടാങ്ക് നിർമ്മാണം**

2011ലെ കേരളപഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ, ചട്ടം85 പ്രകാരം കുടിവെള്ളത്തിന് ഉപയോഗിക്കുന്ന കിണറിന് 7.5 മീറ്റർ ചുറ്റളവിൽ സെപ്റ്റിക് ടാങ്ക് നിർമ്മാണത്തിന് അനുമതി നൽകാവുന്നതല്ല. കൂടാതെ കെട്ടിടത്തിന്റെ സൈറ്റ് പ്ലാനിൽ മേൽ വിവരം രേഖപ്പെടുത്തേണ്ടതും പെർമിറ്റ് നൽകുമ്പോൾ പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പാക്കേണ്ടതുമാണ്. എന്നാൽ 2018-19 വർഷം പെർമിറ്റ് അനുവദിച്ച ആദ്യ 25 അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ പ്ലാനിൽ മേൽ വിവരം രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ഫയൽ നമ്പർ | ഉടമയുടെ പേര് |
|---|---|---|
| 1 | A2-BA(80649)/2018 19.04.2018 | ബൈജു&ദിവ്യ ,കാർത്തിക ഹൗസ്, പാളയംകുന്ന് |
| 2 | A2-BA(92909)/2018 11.04.2018 | ജോഷി എസ് ദാസ്, ഗോകുലം, വർക്കല |

**b)റോഡുകളുടെ വീതി സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തുന്നില്ല.**

2011ലെ കേരളപഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ, ചട്ടം 6(a)(iii) പ്രകാരം സൈറ്റ് പ്ലാൻ തയ്യാറാക്കുമ്പോൾ കെട്ടിടത്തിന്റെ സമീപത്തെ പ്രധാനതെരുവുകളും തെരുവിന്റെ വീതിയും പ്ലാനിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ 2018-19 വർഷം പെർമിറ്റ് അനുവദിച്ച ആദ്യ 25 അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടത്തിന് സമീപത്തെ റോഡിന്റെ വീതി സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല.

| ഫയൽ നമ്പർ | ഉടമയുടെ പേര് |
|---|---|
| A2-BA(80312)/18 തീ.21.04.2018 | ഗോപകുമാർ, നടുത്തല വീട്, മുട്ടപ്പലം |

**c)സർവ്വേ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല**

താഴെപ്പറയുന്ന കെട്ടിടത്തിന് സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ തൊട്ടടുത്ത സ്ഥലത്തിന്റെ അതിർത്തിയോട് ചേർത്ത് നിർമ്മിക്കുന്നതിന് പെർമിറ്റ് നൽകിയിട്ടുണ്ട്. എന്നാൽ കെട്ടിട ഉടമ

ഹാജരാക്കിയ സമ്മതപത്രം പ്രസ്തുത സ്ഥല ഉടമയുടേതാണെന്ന് തെളിയിക്കുന്ന കരം തീർത്ത രസീതോ ആധാരത്തിന്റെ പകർപ്പോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. 2011ലെ കേരളപഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ, ചട്ടം 6(a)(i) പ്രകാരം സൈറ്റ് പ്ലാനിൽ പൂർണമായ റവന്യൂ സർവ്വേവിശദാംശങ്ങൾ ഉൾപ്പെടെ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ കെട്ടിടത്തിന്റെ സൈറ്റ് പ്ലാനിലും abutted side-ലെ സ്ഥല ഉടമയുടെ വിവരം, സർവ്വേനമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

| ഫയൽ നമ്പർ | ഉടമയുടെ പേര് |
|---|---|
| 3602/18 തീ.25.09.2018 | പ്രകാശ് ബാബു, ഗോകുലം, മുട്ടപ്പാലം |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 34/27.11.19ന് ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് വസ്തുനികുതി നിർണയം നടത്തേണ്ടതും ബന്ധപ്പെട്ട രേഖകൾ കൃത്യമായും പരിപാലിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-18 കെട്ടിട നിർമ്മാണ പെർമിറ്റ് ക്രവത്കരണ ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ

**1)പെർമിറ്റ് ഫീസ് ഈടാക്കുന്നില്ല**

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 135 പ്രകാരം ക്രമവല്ക്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ ഒരു പുതിയ അപേക്ഷയുടെ കാര്യത്തിലെന്നപോലെ ആയിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയതിനാൽ അപേക്ഷയോടൊപ്പം പെർമിറ്റ് ഫീസും, പെർമിറ്റ് ഫീസിന്റെ ഇരട്ടിയായി രാജിയാക്കൽ ഫീസും ഈടാക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പെർമിറ്റ് ഫീസ് കൂടാതെയുള്ള ക്രമവല്ക്കരണത്തിന് രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കുന്നത്.

**2)രാജിയാക്കൽ ഫീസ് ഈടാക്കുന്നില്ല**

കെട്ടിട നിർമ്മാണ പെർമിറ്റിനെ അധികരിച്ചുള്ള നിർമ്മാണ പ്രവർത്തനത്തിന് രാജിയാക്കൽ ഫീസ് കൃത്യമായി ഈടാക്കുന്നില്ല. 2018-19 വർഷം കെട്ടിടത്തിന് നമ്പർ നൽകിയ ആദ്യ 25 അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് രാജിയാക്കൽ ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ഫയൽ നമ്പർ | കെട്ടിട ഉടമയുടെ പേര് | പെർമിറ്റ് പ്രകാരമുള്ള പ്ലിന്ത് ഏരിയ | പൂർത്തീകരണ റിപ്പോർട്ട് പ്രകാരമുള്ള പ്ലിന്ത് ഏരിയ | രാജിയാക്കൽ ഫീസ് @3x2(രൂപ) |
|---|---|---|---|---|---|
| 1 | 852/19/ 12.02.2019 | ലത, അമ്പാടി, മുട്ടപ്പലം | 236 $m^2$ | 255 $m^2$ | 19x3x2=114/- |
| 2 | 5087/18/ 19.07.2018 | ബീന വി.ആർ ശ്രീജനാർദ്ധനം, പാളയംകുന്ന് | 121.63 $m^2$ | 139.07$m^2$ | 17.44x3x2=104.64 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 35/27.11.2019 ന് ലഭിച്ച മറുപടിയിൽ പെർമിറ്റ് കൂടാതെയുള്ള ക്രമവല്കരണത്തിന്റെ രാജിയാക്കൽ ഫീസ് പെർമിറ്റ് ഫീസിന്റെ ഇരട്ടിയാണെന്നും സങ്കേതം സോഫ്റ്റ് വെയറിൽ മേൽ ഇരട്ടി തുക മാത്രമേ ലഭ്യമാകുന്നുള്ളുവെന്നുമാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ പെർമിറ്റിനെ അധികരിച്ചുള്ള നിർമ്മാണ പ്രവർത്തനത്തിന് രാജിയാക്കൽ ഫീസ് ഓഡിറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്(രസീ.നം.84,85/29.11.19). തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 11.11.2015-ലെ 229813/ആർ.ഡി.2/15/ത.സ്വ.ഭ.വ നമ്പർ കത്തിൽ മേൽ വിഷയം സംബന്ധിച്ച് സ്പഷ്ടീകരണം ലഭിച്ചിട്ടുള്ളതിനാൽ അപേക്ഷയോടൊപ്പം പെർമിറ്റ് ഫീസും , പെർമിറ്റ് ഫീസിന്റെ ഇരട്ടിയായി രാജിയാക്കൽ ഫീസും ഈടാക്കേണ്ടതുണ്ട്.

# 1-19 സഞ്ചയ സോഫ്റ്റ് വെയർ പ്യൂരിഫിക്കേഷൻ- ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണയം നടത്തുന്നു

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1), (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം -2ൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്തു പോയി ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രഥമം, ദ്വിതീയം, തൃതീയം എന്നിവയുടെ വിവരങ്ങളും കെട്ടിടത്തിന്റെ മേൽക്കൂരയുടെ തരം, തറയുടെ തരം , കെട്ടിടത്തിന്റെ കാലപ്പഴക്കം എന്നിവയുടെ കൃത്യതയും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് സ്ഥലസന്ദർശം നടത്തി വസ്തു നികുതി കണക്കാക്കിയ ജീവനക്കാർ തയ്യാറാക്കിയ ഫാറം 6 പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ സോഫ്റ്റ് വെയറിലെ വസ്തുനികുതി നിർണയത്തിന്റെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 35/27.11.2019 ന് ലഭ്യമാക്കിയ മറുപടിയിൽ ഫാറം 6 സൂക്ഷിക്കുന്നതിന് നിർദ്ദേശം ലഭിച്ചിട്ടില്ലാത്തതിനാൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. വസ്തുനികുതി ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് വസ്തുനികുതി നിർണയം നടത്തേണ്ടതും ബന്ധപ്പെട്ട രേഖകൾ കൃത്യമായും പരിപാലിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-20 വസ്തു നികുതി - മേഖലാ നിർണയത്തിലെ അപാകങ്ങൾ

**a)മേഖല അടിസ്ഥാനത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വീതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

**b)വെരിഫിക്കേഷൻ റിപ്പോർട്ടിൽ മേഖല രേഖപ്പെടുത്തുന്നില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പ്രകാരം ദ്വിതീയ മേഖലയിലെ ഒരു കെട്ടിടത്തിന് 10% നികുതി ഇളവും തൃതീയ മേഖലയിൽപ്പെടുന്ന ഒരു

കെട്ടിടത്തിന് 20% നികുതി ഇളവും ലഭിക്കും. എന്നാൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട വെരിഫിക്കേഷൻ റിപ്പോർട്ടിൽ മേഖല രേഖപ്പെടുത്തുന്നില്ല.

**c)വെരിഫിക്കേഷൻ റിപ്പോർട്ടും സഞ്ചയ സോഫ്റ്റ് വെയറിലെ രേഖപ്പെടുത്തലും പൊരുത്തപ്പെടുന്നില്ല.**

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ക്രമനമ്പർ1 മുതൽ 30 വരെയുള്ള ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം സംബന്ധിച്ച ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വെരിഫിക്കേഷൻ റിപ്പോർട്ടും സഞ്ചയ സോഫ്റ്റ് വെയറിലെ രേഖപ്പെടുത്തലും പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | വാർഡ് നമ്പർ/ കെട്ടിട നമ്പർ | അന്വേഷണ റിപ്പോർട്ട് പ്രകാരം | സഞ്ചയ പ്രകാരം |
|---|---|---|---|
| 1 | I7/43A | കെട്ടിടത്തിന്റെ തറ-സിമന്റ്<br>റോഡിന്റെ വീതി - 3m | കെട്ടിടത്തിന്റെ തറ - സാധാരണ തറ (മൊസൈക്ക്, തറയോട്, സിമന്റ്, മൺതറ<br>മേൽത്തരം തടി മാർബിൾ /ഗ്രാനൈറ്റ് / ടൈൽസ്/ മറ്റ് വിലയേറിയ വസ്തുക്കൾ<br>റോഡിന്റെ വീതി - 5 മീറ്ററിൽ കൂടുതൽ |
| 2 | IV-226 B | കെട്ടിടത്തിന്റെ തറ-സിമന്റ്<br>റോഡിന്റെ വീതി - 3m | കെട്ടിടത്തിന്റെ തറ - സാധാരണ തറ (മൊസൈക്ക്, തറയോട്, സിമന്റ്, മൺതറ<br>മേൽത്തരം തടി മാർബിൾ / ഗ്രാനൈറ്റ് / ടൈൽസ് / മറ്റ് വിലയേറിയ വസ്തുക്കൾ<br>റോഡിന്റെ വീതി - 5 മീറ്ററിൽ കൂടുതൽ |
| 3 | XVI/532A | കെട്ടിടത്തിന്റെ തറ-സിമന്റ് | കെട്ടിടത്തിന്റെ തറ - സാധാരണ തറ (മൊസൈക്ക്, തറയോട്, സിമന്റ്, മൺതറ<br>മേൽത്തരം തടി മാർബിൾ /ഗ്രാനൈറ്റ് / ടൈൽസ് / മറ്റ് വിലയേറിയ വസ്തുക്കൾ |
| 4 | IX/221A | കെട്ടിടത്തിന്റെ തറ-സിമന്റ്<br>റോഡിന്റെ വീതി - 3m | കെട്ടിടത്തിന്റെ തറ-സാധാരണ തറ (മൊസൈക്ക്, തറയോട്, സിമന്റ്, മൺതറ<br>മേൽത്തരം തടി മാർബിൾ / ഗ്രാനൈറ്റ് / ടൈൽസ് / മറ്റ് വിലയേറിയ വസ്തുക്കൾ<br>റോഡിന്റെ വീതി - 5 മീറ്ററിൽ കൂടുതൽ |

**d)ഒരേ കെട്ടിടത്തിലെ/സമീപപ്രദേശത്തെ കെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല**

ഗ്രാമപഞ്ചായത്തിലെ ഒരേ കെട്ടിടത്തിലെ / സമീപപ്രദേശത്തെ കെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നൽകി സഞ്ചയ പ്രകാരം വസ്തു നികുതി ഈടാക്കുന്നു.

| ക്രമ നം. | വാർഡ് നമ്പർ/ കെട്ടിട നമ്പർ | മേഖല |
|---|---|---|
| 1 | 1/449 F | തൃതീയം |
| | 1/449 G | പ്രഥമം |
| 2 | 1/631 | ദ്വിതീയം |
| | 1/631 A | തൃതീയം |
| 3 | 1/439A | ദ്വിതീയം |
| | 1/439B | തൃതീയം |
| 4 | 1/296 | പ്രഥമം |
| | 1/296A | തൃതീയം |
| 5 | 1/292 | പ്രഥമം |
| | 1/292A | തൃതീയം |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 35/27.11.2019 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ ഖണ്ഡിക (d) പ്രകാരമുള്ള കെട്ടിടങ്ങൾ സമീപ പ്രദേശത്ത് സ്ഥിതിചെയ്യുന്നില്ല എന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയസോഫ്റ്റ് വെയറിലും പെർമിറ്റ് ഫയലിലും ഇവ ഒരേ പ്രദേശത്ത് സ്ഥിതിചെയ്യുന്നതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും നികുതി നിർണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

# 1-21 വസ്തുനികുതി - സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകൾ പൊരുത്തപ്പെടുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യപത്രിക I-18 (Prior period Items )ഷെഡ്യൂളിൽ prior period income Property tax on residential buildingഇനത്തിൽ 348692/- രൂപ ഡിമാന്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വസ്തു നികുതി തുകകളും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വസ്തു നികുതി തുകകളും പൊരുത്തപ്പെടുന്നില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | 18-19 I-1 പ്രകാരം | സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം | 18-19 RP-43 പ്രകാരം | സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം | 18-19 B-15 പ്രകാരം | സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം |
| Property Tax - Current | 2339034 | 2928567 | 2339034 | 2849372 + 67553 (Book adjustments) | 0 | 11642 |
| ഇനം | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
| | 17-18 B-15 | സഞ്ചയ | 18-19 RP-43 | സഞ്ചയ സോഫ്റ്റ് വെയർ | 18-19 B-15 | സഞ്ചയ |

| | പ്രകാരം | സോഫ്റ്റ് വെയർ പ്രകാരം | പ്രകാരം | പ്രകാരം | പ്രകാരം | സോഫ്റ്റ് വെയർ പ്രകാരം |
|---|---|---|---|---|---|---|
| Property Tax - Arrear | 1283547 | 1568477 | 8645551 | 1518083 | 0 | 50394 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.48/28.11.2019-ന് ലഭിച്ച മറുപടിയിൽ സഞ്ചയ പ്യൂരിഫിക്കേഷന്റെ ഫലമായാണ് മേൽ വ്യത്യാസം നിലനിൽക്കുന്നതെന്നാണ് അറിയിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം കൂടാതെ വസ്തുനികുതി ഡിമാന്റിൽ നിന്നും ഒഴിവാക്കിയത് അംഗീകരിക്കാവുന്നതല്ല. മേൽ അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 വസ്തു നികുതി ഡിമാന്റ് രേഖപ്പെടുത്താതെ കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കുന്നു

താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തു നികുതി ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഈടാക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നമ്പർ | പേര് /വിലാസം | ഡിമാന്റ് രേഖപ്പെടുത്താത്ത കാലയളവ് | വസ്തു നികുതി ഇനത്തിൽ നാളിതുവരെ ഒടുക്കിയ തുക |
|---|---|---|---|---|
| 1 | 19/146 | പ്രകാശ്, സൂര്യ നിവാസ് | 2012ഒന്നാം അർദ്ധവർഷം മുതൽ | 1821/- |
| 2 | 19/116 | ജയപ്രകാശ് , ജിഷ ഭവൻ | 2011ഒന്നാം അർദ്ധവർഷം മുതൽ | 611/- |
| 3 | 19/86 | സുജാത, ചരുവിള വീട്, പനയറ | 2013ഒന്നാം അർദ്ധവർഷം മുതൽ | 588/- |
| 4 | 18/577 | ഹലീമ , അക്കരവിള വീട്, മുട്ടപ്പലം | 2016ഒന്നാം അർദ്ധവർഷം മുതൽ | 745/- |
| 5 | 7/92 | മുരളീധരൻ, ചരുവിള വീട്, ഞെക്കാട് | 2013ഒന്നാം അർദ്ധവർഷം മുതൽ | 1980/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 35/27.11.2019 ന് ലഭിച്ച മറുപടിയിൽ സഞ്ചയ പ്യൂരിഫിക്കേഷൻ നടത്തിയതിൽ വന്ന അപാകതമൂലമാണ് മേൽ പിഴവ് സംഭവിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. കെട്ടിടങ്ങൾക്ക് വസ്തു നികുതി ഡിമാന്റ് രേഖപ്പെടുത്താതെ തുക പിരിച്ചെടുത്തത് ഗുരുതരമായ പിഴവാണ്. ഇക്കാരണത്താൽ വസ്തു നികുതി പിരിവ് ശതമാനത്തിൽ വർദ്ധിച്ച വരവാണ് സഞ്ചയയിൽ കാണപ്പെടുന്നത്. സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-23 വസ്തു നികുതി - റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു

2018-19 വർഷം സംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നമ്പർ | പേര് / വിലാസം | റദ്ദാക്കിയ സാംഖ്യ രസീത് നമ്പർ/തീയതി | കാലയളവ് | തുക |
|---|---|---|---|---|---|
| 1 | 18/154 | കെ.മാധവൻ, കൈരളി ഭവൻ, മുട്ടപ്പലം | 118230100152/ 10.04.2018 | 2018-19 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 143/- |
| 2 | 1/183 | രാജു, സ്റ്റാർലൈറ്റ്, വണ്ടിപ്പുര | 118230106310/ 01.03.2019 | 2018-19 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 163/- |
| 3 | 9/32 | ഭാസ്കരൻ ഉണ്ണിത്താൻ, താഴത്തുവീട്, പനയറ | 118230106795/18.03.2019 | 2018-19 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 157/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 35/27.11.2019 ന് ലഭിച്ച മറുപടിയിൽ ഐ.കെ.എം-ന്റെ സഹായത്തോടെ രസീതുകൾ ക്യാൻസൽ ചെയ്യാൻ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കംചെയ്യാത്തത് ഗുരുതരമായ പിഴവാണ്. ഇക്കാരണത്താൽ വസ്തു നികുതി പിരിവ് ഇനത്തിൽ വർദ്ധിച്ച വരവാണ് സഞ്ചയയിൽ കാണപ്പെടുന്നത്. സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-24 ഒഴിവായി കിടക്കുന്ന കെട്ടിടത്തിന് മുൻകാല പ്രാബല്യത്തിൽ വസ്തുനികുതി ഇളവ് നൽകി

2011-ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21(2)(ബി) പ്രകാരം, കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ,

ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടത്. എന്നാൽ മേൽ ചട്ടം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടത്തിന് വസ്തുനികുതിയിൽ ഇളവ് അനുവദിച്ച നൽകിയിട്ടുണ്ട്.

| കെട്ടിട നമ്പർ | കെട്ടിട ഉടമ | അപേക്ഷ തീയതി/ഫയൽ നമ്പർ | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|
| 18/495A | മാഹീൻ എ.ആർ & നജിമാ ബീവി, ജസ്ന മൻസിൽ, മുട്ടപ്പലം | 28.03.2019<br>B4/1413/19 | 01.10.2018 മുതൽ 31.03.2019 വരെ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 35/27.11.19ന്റെ മറുപടിയിൽ, പ്രസ്തുത വ്യക്തി മേൽ രേഖപ്പെടുത്തിയ തീയതിയ്ക്ക് മുൻപായി അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും സഞ്ചയയിൽ തെറ്റായ അപേക്ഷ തീയതി രേഖപ്പെടുത്തിയതിനാലാണ് മേൽ പിഴവ് സംഭവിച്ചതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷാതീയതി ലഭ്യമാക്കുകയോ മേൽ വിവരം സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഒഴിവായി കിടക്കുന്ന കെട്ടിടങ്ങൾക്ക് ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായാണ് വാർഷിക നികുതിയിൽ ഇളവ് അനുവദിക്കുന്നതെന്ന് ഗ്രാമപഞ്ചായത്ത് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണമുള്ള എല്ലാ കെട്ടിടങ്ങളെയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിരുന്നു. ഈ ആനുകൂല്യം ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുംബനാഥയുടെ പേരിലുള്ള സ്വന്തം വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. ഒരു പഞ്ചവർഷ അസസ്സ്മെന്റ് കാലയളവിലേയ്ക്കായി ഇപ്രകാരം നികുതി ഒഴിവ് നൽകുന്നതിന് കെട്ടിട ഉടമയിൽ നിന്നും സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന് സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. ഉദാഹരണമായി സഞ്ചയ സോഫ്റ്റ്വെയറിലെ III, VII, IX എന്നീ വാർഡുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | വാർഡ്/ കെട്ടിട നമ്പർ | പേര് /വിലാസം | കാലയളവ് |
|---|---|---|---|
| 1 | 3/585 B | തങ്ക, രഞ്ജിത വിലാസം, കോവൂർ | 2015 ഒന്നാം അർദ്ധവർഷം മുതൽ |
| 2 | 3/778 A | ബാബു.കെ, രാജമ്മ നിവാസ്, കോവൂർ | 2018 ഒന്നാം അർദ്ധവർഷം മുതൽ |
| 3 | 7/306 | ബേബി , പൂരാടം, ഞെക്കാട് | 2015 ഒന്നാം അർദ്ധവർഷം മുതൽ |

| | | | |
|---|---|---|---|
| 4 | 9/155 | സോമൻ, കളിയിൽ വിള, പനയറ | 2018 ഒന്നാം അർദ്ധവർഷം മുതൽ |
| 5 | 7/594 B | ബേബി , രേവതി നിലയം, ഞെക്കാട് | 2015 ഒന്നാം അർദ്ധവർഷം മുതൽ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 35/27.11.19 ന്റെ മറുപടിയിൽ പ്രസ്തുത വ്യക്തികൾ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും സഞ്ചയയിൽ തെറ്റായി രേഖപ്പെടുത്തിയതിനാലാണ് മേൽ പിഴവ് സംഭവിച്ചതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷാതീയതി ലഭ്യമാക്കുകയോ മേൽ വിവരം സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. കൂടാതെ സഞ്ചയസോഫ്റ്റ് വെയർ മാറ്റം വരുത്തി പരിശോധനയ്ക്ക് ലഭ്യമാക്കുകയും ചെയ്തിട്ടില്ല. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

# 1-26 വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കുന്നതിൽ അപാകത

സ.ഉ (കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/ സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ ആദ്യ 8 വാർഡ് പരിശോധിച്ചതിൽ രജിസ്റ്ററിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| ക്രമ നം. | വാർഡ് നമ്പർ/ കെട്ടിട നമ്പർ | പേര് , വിലാസം |
|---|---|---|
| 1 | II/369 | ബേബി സുഷമ, ഗോർഡ് വിഹാർ, പാളയംകുന്ന് |
| 2 | II/404 | ഗോപി, ശ്രീകോവിൽ, പാളയംകുന്ന് |
| 3 | II/524 | സുഷമ, റ്റി.എസ് ഭവൻ, പാളയംകുന്ന് |
| 4 | III/419A | കെ.കെ പത്മ, ലക്ഷ്മി നിവാസ്, പാളയംകുന്ന് |
| 5 | III/595B | തുളസീധരൻ,തേന്നശ്ശേരി മേലതിൽ വീട്, മുത്താന |
| 6 | IV/259 | സുമംഗല, സുമശ്രീ, ചാവർകോട് |
| 7 | VI/198 | എം.ഇന്ദിരാഭായി, പൊയ്കവിള, മാവിൻമൂട് |
| 8 | VII/402A | പ്രകാശ്, ശാന്തിഭവൻ, ഞെക്കാട് |
| 9 | VII/440 | അനിൽ കുമാർ, രാജാലയം, ചെമ്മരുതി |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 48/28.11.2019 ന് ലഭിച്ച മറുപടിയിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-27 മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള താഴെപ്പറയുന്ന മൊബൈൽ ടവറിൽ നിന്നും 2018-19 വർഷം വസ്തുനികുതി ഈടാക്കിയിട്ടില്ല.

| ടവറിന്റെ വിവരം | വാർഡ് നമ്പർ/ കെട്ടിട നമ്പർ | വിസ്തീർണം |
|---|---|---|
| ബി.എസ്.എൻ.എൽ | 7/243 | 15.07 m2 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (നമ്പർ 07/23.11.19)-ന് നൽകിയ മറുപടിയിൽ വസ്തു നികുതി ഈടാക്കാൻ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതും ആവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

# 1-28 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2017- 18 വർഷം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കോൺട്രാക്ടേഴ്സ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയും വിധം 15 കരാറുകാർ മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം. | പേര് |
|---|---|
| 1 | കേരളീയൻ |
| 2 | നിഖിൽ കേരളീയൻ |
| 3 | സുദർശനൻ.ജി |
| 4 | സുഗുണാനന്ദൻ |
| 5 | ശ്രീകുമാർ |
| 6 | ഷിജു.എസ് |
| 7 | സനൽകുമാർ |
| 8 | നഹാസ്.എ |
| 9 | ഗോവിന്ദരാജൻ.ബി |
| 10 | ശ്യാമപ്രസാദ് |
| 11 | ചിന്തു പ്രസാദ് |
| 12 | നസീർ |
| 13 | ഷാനവാസ് |

| | |
|---|---|
| 14 | സുൽഫിക്കർ |
| 15 | ത്രിധീപ് |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 04/25.112019ന് ലഭ്യമാക്കിയ മറുപടിയിൽ, മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

# 1-29 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകങ്ങൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1)1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ) ചട്ടം 12(3) പ്രകാരം മറ്റ് സ്ഥാപനങ്ങളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങേണ്ടതില്ലാത്ത കേസുകളിൽ 30 ദിവസത്തിനകവും ആവശ്യമായ രേഖകൾ ഹാജരാക്കിയാൽ /വാങ്ങേണ്ട സംഗതിയിൽ അവ ലഭിച്ച് കഴിഞ്ഞ് 45 ദിവസത്തിനകവും ലൈസൻസ് നൽകണം. എന്നാൽ ലൈസൻസിനായി നൽകിയ 80 അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് മേൽ കാലാവധി കഴിഞ്ഞാണ് ലൈസൻസ് നൽകിയത്.

| ക്രമ നം. | വാർഡ്/ കെട്ടിട നമ്പർ | പേര് | വ്യാപാരസ്ഥാപനം | അപേക്ഷ ലഭിച്ച തീയതി | ലൈസൻസ് അനുവദിച്ച തീയതി |
|---|---|---|---|---|---|
| 1 | 12/94C | നിതിൻ.എം.എസ്. | പേപ്പർ കപ്പ് പ്ലേറ്റ് എന്നിവയുടെ നിർമാണം | 19.1.18 | 30.5.18 |
| 2 | 9/88 | ശോഭന.ടി. | ശ്രീ ഭദ്രാ ഹോം പ്രോഡക്ട്സ് | 9.3.18 | 22.6.18 |
| 3 | 12/618 | സക്കീർ ഹുസൈൻ | ടു സ്റ്റാർ ടൈൽസ് &ഗ്രാനൈറ്റ്സ് | 30.5.18 | 27.7.18 |
| 4 | 5/700B | അജിലാൽ | എം.കെ.സ്റ്റോർ | 21.6.18 | 18.12.18 |
| 5 | 3/280,280A | ജി.മോഹനൻ | മംഗലത്തു ക്യാഷ്യൂ ഫാക്ടറി | 28.6.18 | 4.9.18 |
| 6 | 18/69B | കെ.പ്രകാശ് | ശ്രീ പരാശക്തി ഓയിൽ ട്രേഡേഴ്സ് | 1.6.18 | 4.9.18 |
| 7 | 7/49E | റോഷ്നി.എച്ച്.എ | പ്രാണാ ഡിസൈൻ ബ്യൂട്ടിക്ക് | 7.7.18 | 15.9.18 |
| 8 | 16/491 | അനൂപ് ശശിധർ | കെപ്കോ ചിക്കൻ | 30.5.18 | 27.7.18 |
| 9 | 2/171F | ജയകുമാർ.എസ് | JRS ട്രേഡേഴ്സ് | 19.7.18 | 24.7.18 |
| 10 | 13/275 | ശർമ്മ ചന്ദ്രൻ | ദുർഗ എഞ്ചിനീയറിംഗ് വർക്സ് | 1.1.18 | 25.1.19 |
| 11 | 12/388A | ദീപൻ.ഡി | ദിയ ട്രേഡേഴ്സ് | 17.9.18 | 28.11.18 |

| | | | | | |
|---|---|---|---|---|---|
| 12 | 16/735 | സജ്ന | സെൻസ് കഫേ | 12.9.18 | 30.11.18 |

സ്ഥാപന ഉടമകൾക്ക് ലൈസൻസ് ഫീസ് അടയ്ക്കുന്നതിന് എസ്.എം.എസ്. വഴി അറിയിപ്പ് നൽകിയിരുന്നെങ്കിലും ഫീസ് ഒടുക്കുന്നതിൽ കാലതാമസമുണ്ടായതാണ് ഇതിന് കാരണമായി വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നമ്പർ 48/28..11.2017ന്റെ മറുപടി).

2)പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ലൈസൻസ് രജിസ്റ്ററും 1,7,12,13,17,വാർഡുകളിലെ ട്രേഡേഴ്സ് ലിസ്റ്റും പരിശോധിച്ചതിൽ ലൈസൻസ് നൽകിയ താഴെപ്പറയുന്ന സ്ഥാപനങ്ങളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | വാർഡ്/ കെട്ടിട നമ്പർ | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | 1/317 | ഖാലിദ് | ജ്യൂസ് വില്പന |
| 2 | 1/258 | ലാസ്യചിത്ത് | അലുമിനിയം ഫാബ്രിക്കേഷൻ |
| 3 | 1/704 | അംല | വസ്ത്ര വ്യാപാരം |
| 4 | 7/129 | മിനി | പലചരക്ക് കട |
| 5 | 13/172 | വിശ്വനാഥൻ | ധാന്യങ്ങൾ പൊടിപ്പിക്കുന്നത് |
| 6 | 13/625A | ആസാദ് | പഴയ വസ്തുക്കളുടെ സംഭരണവും വില്പനയും |
| 7 | 17/526 | സുധീർ | മിട്ടായി വ്യാപാരം |
| 8 | 17/339 | ഷറഫുദ്ദീൻ | പ്ലംബിംഗ് സാധനങ്ങളുടെ വിൽപന |
| 9 | 17/527 | സിയാദ് അഹമ്മദ് | സ്റ്റേഷനറി കട |
| 10 | 17/352 | ആര്യ തംബുരു | ബേക്കറി |
| 11 | 17/347 | സലിം | മൊബൈൽ കട |
| 12 | 12/307 | ജയകുമാർ | ഓയിൽ ഫ്ലോർ മിൽ |
| 13 | 12/388A | ദീപൻ.ഡി | ദിയ ട്രേഡേഴ്സ് |
| 14 | 12/552B | രാജേഷ് കുമാർ ഡി. | പുതിയ മാരുതി കാറുകളുടെ വില്പന |

പ്രസ്തുത സ്ഥാപനങ്ങൾ കൂടി ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3)തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം എന്നിവയനുസരിച്ച് മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാലും അപേക്ഷയുടെ അന്വേഷണ റിപ്പോർട്ട് ഇല്ലാത്തതിനാലും ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഇനിമുതൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ലൈസൻസ് നൽകൽ നടപടിക്രമങ്ങളിൽ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പാലിക്കപ്പെടുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

# 1-30 തൊഴിൽ നികുതി പൂർണമായും ഈടാക്കുന്നില്ല

I) താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2018-19 വർഷത്തെ സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | MVM Hospital ചാവർകോട് | രണ്ടാം അർദ്ധവർഷം |
| 2 | SCD Nursery School | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | SN Kids Eng Medium School | ഒന്നാം അർദ്ധവർഷം |
| 4 | KSEB Transmission Substation വർക്കല | ഒന്നാം അർദ്ധവർഷം |
| 5 | മാവേലി സ്റ്റോർ പാളയംകുന്ന് | രണ്ടാം അർദ്ധവർഷം |

II) താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2018-19 വർഷത്തെ തൊഴിൽ നികുതി പൂർണമായും ഈടാക്കിയിട്ടില്ല.

| സ്ഥാപനം | ജീവനക്കാരൻ | അർദ്ധ വർഷം | വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|
| പൂർണ്ണ പ്രിന്റിംഗ് പബ്ലിഷിംഗ് ഹൗസ് മുട്ടപ്പലം | ഗീത | 1 | 30269 | 300 | 180 | 120 |
| FHC ചെമ്മരുതി | നാജിത | 2 | 84000 | 750 | 600 | 150 |
| FHC ചെമ്മരുതി | അശ്വതി | 2 | 102000 | 1000 | 750 | 250 |
| FHC ചെമ്മരുതി | ശില്പ.വി.നായർ | 2 | 102000 | 1000 | 750 | 250 |

III) താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2018-19 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|
| MVM Hospital ചാവർകോട് | രണ്ടാം അർദ്ധവർഷം |
| SN Kids Eng Medium School | ഒന്നാം അർദ്ധവർഷം |

നികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 58/30.11.2019). തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-31 റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും 2018-19 വർഷത്തേയ്ക്ക് തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 10/23.11.2019 ന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 11 റേഷൻകടകൾ പ്രവർത്തിക്കുന്നതായി അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണെന്നു അറിയിച്ചിട്ടുണ്ട്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-32 ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ തുക നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇ-ടെണ്ടർ പ്രകാരം 45 പ്രവൃത്തികൾക്കായി ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട 163148/- രൂപ തിരികെ ഈടാക്കാൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നടപടി സ്വീകരിക്കേണ്ടതാണ്.

# 1-33 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്തിരാജ് നിയമം വകുപ്പ് 266, 1999ലെ കേരള പഞ്ചായത്തിരാജ്(ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ)ചട്ടങ്ങൾ,ചട്ടം3(1) എന്നിവ പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ഒരു സ്ഥാപനം പ്രവർത്തിക്കുന്നതിന് മുൻപുതന്നെ രജിസ്ട്രേഷനുള്ള അപേക്ഷയും ചട്ടം 3(2)പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസും പഞ്ചായത്തിൽ ഒടുക്കേണ്ടതും, ചട്ടം3(3)പ്രകാരം പഞ്ചായത്ത് ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ, പഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിച്ച് വരുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.14/23.11.19ന് ലഭിച്ച മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സയൻഷ്യ, എസ്. എൻ. പാരലൽ കോളേജ് എന്നീ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ എടുക്കുന്നതിന് നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട്. എന്നാൽ നോട്ടീസ് കൈപ്പറ്റി 7 ദിവസത്തിനകം ലൈസൻസ് എടുക്കാതിരുന്ന പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ തുടർ നടപടി സ്വീകരിച്ചിട്ടില്ല. ഇത്തരത്തിലുള്ള ചട്ട ലംഘനം റിപ്പോർട്ട് ചെയ്യുന്നതിനും തടയുന്നതിനുമുള്ള സംവിധാനമൊരുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-34 പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല

സർക്കാർ ഉത്തരവ് നം.07/2016/ഫിൻ 20.01.2016 പ്രകാരം 01.04.2013ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച

ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുമ്പോൾ ആനുപാതികമായ തുക പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 01.04.2013ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക മൂന്ന്, നാല് ഗഡുക്കൾ അനുവദിച്ചപ്പോൾ ആനുപാതികമായ തുക പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കിയിട്ടില്ല. തുക അനുവദിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | തസ്തിക | മൂന്നാം ഗഡു | വൗച്ചർ നമ്പർ / തീയതി | നാലാം ഗഡു | വൗച്ചർ നമ്പർ |
|---|---|---|---|---|---|---|
| 1 | സാലി.എസ് | ക്ലർക്ക് | 112013 | 1758986 തീ 19/05/2018 | 11587 | ക്യാഷായി വിതരണം ചെയ്തു |
| 2 | രമ്യ.ആർ.എൻ | ക്ലർക്ക് | 11819 | 1758986 തീ 19/05/2018 | 11402 | |
| 3 | അനിൽ.പി.എൻ. | അസി.സെക്രട്ടറി | 13756 | 1758986 തീ 19/05/2018 | 13269 | |
| 4 | നജീബ്.ജെ | സീനിയർ ക്ലർക്ക് | 14898 | 1758986 തീ 19/05/2018 | 14371 | |
| 5 | നിർമ്മല.എസ് | സീനിയർ ക്ലർക്ക് | 15935 | 1758986 തീ 19/05/2018 | 15373 | |
| 6 | സുനിത,എൽ | ക്ലർക്ക് | 12372 | 1758986 തീ 19/05/2018 | 11935 | |
| 7 | ആരതി ബാബു | ഹെഡ് ക്ലർക്ക് | 15807 | 1758986 തീ 19/05/2018 | 15246 | |
| 8 | സുരേഷ് കുമാർ | ഹെഡ് ക്ലർക്ക് | 17657 | 1758986 തീ 19/05/2018 | 17034 | |
| 9 | സജ്ജുലാൽ ഡി | സെക്രട്ടറി | 38473 | 1758986 തീ 19/05/2018 | 37115 | |
| 10 | സബീനാബീവി | അക്കൗണ്ടന്റ് | 17051 | 1758986 തീ 19/05/2018 | 16448 | |
| 11 | വിഷ്ണു മാധവൻ | ക്ലർക്ക് | 2953 | 1758986 തീ 19/05/2018 | 2847 | |
| 12 | മിൽഖാ സിംഗ്.എ.പി. | ഓഫീസ് അറ്റന്റന്റ് | 17356 | 1758986 തീ 19/05/2018 | 16743 | |
| 13 | സുധകല | പാർട്ട് ടൈം സ്വീപ്പർ | 6642 | 1758986 തീ 19/05/2018 | 6406 | |
| 14 | ഷെർളി.പി. | പാർട്ട് ടൈം സ്വീപ്പർ | 7197 | 1758986 തീ | 6942 | |

| | | | | | | |
|---|---|---|---|---|---|---|
| | | | | 19/05/2018 | | |
| 15 | വത്സല.എൽ | പാർട്ട് ടൈം സ്വീപ്പർ | 7321 | 1758986 തീ 19/05/2018 | 7061 | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 09/23.11.2019 ന് ലഭിച്ച മറുപടിയിൽ തുക പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. പെൻഷൻ കോൺട്രിബ്യൂഷൻ സമയബന്ധിതമായി ഒടുക്ക് വരുത്തേണ്ടതാണ്.

# 1-35 എസ്.എൽ.ഐ. പ്രീമിയം - ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരിൽ നിന്നും G.O (P) 149/16 /Fin dated 4.10.2016, G.O (P).112/2016/ Fin dated 01.08.2016 ഉത്തരവിനനുസൃതമായി അടിസ്ഥാന ശമ്പളത്തിനും ശമ്പള സ്കെയിലിനും ആനുപാതികമായല്ല എസ്.എൽ.ഐ പ്രീമിയം ഈടാക്കിയിരിക്കുന്നത്. ഉദാഹരണമായി 2018 മാർച്ച് മാസത്തെ എസ്.എൽ.ഐ പ്രീമിയം ഈടാക്കിയതിൽ (വൗച്ചർ നം. 21800020/10.4.18) താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും കുറവായാണ് തുക ഈടാക്കിയത്.

| ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | അടിസ്ഥാന ശമ്പളം | ഒടുക്കേണ്ട കുറഞ്ഞ തുക | ഒടുക്കിയത് | കുറവ് |
|---|---|---|---|---|
| രാജേഷ്.ആർ (അസി.സെക്രട്ടറി) | 37500 | 500 | 225 | 275 |
| കിരൺ ചന്ദ് (ഹെഡ് ക്ലർക്ക്) | 35700 | 500 | 250 | 250 |
| സുരേഷ് കുമാർ.ജെ (അക്കൗണ്ടന്റ്) | 33900 | 300 | 250 | 50 |
| ഹരികൃഷ്ണൻ.വി (ഓഫീസ് അസിസ്റ്റന്റ്) | 24600 | 300 | 150 | 150 |
| മിൽഖാ സിംഗ് (ഓഫീസ് അസിസ്റ്റന്റ്) | 26500 | 300 | 200 | 100 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 33 ന് അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി പ്രീമിയം അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി എസ്.എൽ.ഐ പ്രീമിയം തുക അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-36 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി- കേടായവ ലേലം ചെയ്യേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം. | 143/19 |
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി |
| അടങ്കൽ | 472423 |
| ചെലവ് | 245246 |
| ബിൽ നമ്പർ | 30/27-09-2018 തുക201101/-<br>48/22-12-2018 തുക 44145/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ പതിനഞ്ച് വാർഡുകളിലായി 918 സിംഗിൾ ട്യൂബ്, 48 ഡബിൾ ട്യൂബ്, 932 സി.എഫ്.എൽ, 7 എൽ.ഇ.ഡി സെറ്റ് എന്നിവ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. കേടായ സാധനങ്ങളുടെ ഫ്രെയിം, ബൾബ് ഹോൾഡർ മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവ സ്റ്റോക്കിലെടുക്കുകയോ ലേലം ചെയ്യുകയോ ചെയ്തിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(30, 26.11.19) ലഭ്യമാക്കിയ മറുപടിയിൽ കേടായ ഉപകരണങ്ങളുടെ പാർട്ടുകൾ സ്റ്റോക്കിലെടുത്ത് ലേലം ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർ നടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-37 വെള്ളക്കര കുടിശ്ശിക പൊതു ടാപ്പുകളുടെ എണ്ണത്തിന് അനുസൃതമായി ഒടുക്ക് വരുത്തേണ്ടതാണ്

2018-19 വർഷം കേരള വാട്ടർ അതോറിറ്റിയിൽ കുടിവെള്ള ചാർജ്ജ് ഇനത്തിൽ 2131500 രൂപ ഒടുക്ക് വരുത്തിയിട്ടുണ്ട്. (ഇതിൽ 1858500 രൂപ പ്രോജക്ട് പ്രകാരവും ബാക്കി 273000 രൂപ തനത് ഫണ്ട് പ്രകാരവും ചെലവഴിച്ചിട്ടുണ്ട്). ടാപ്പൊന്നിന് പ്രതിവർഷം 5250 രൂപ നിരക്കിൽ 406 ടാപ്പുകൾക്കായി പ്രതിമാസം 177625 രൂപ ഒടുക്കി വരുന്നു. പൊതുടാപ്പുകൾക്ക് അവസാനമായി സംയുക്ത പരിശോധന നടത്തിയതിന്റെ വിശദാംശം ലഭ്യമല്ല. പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12/23-11-19) ലഭ്യമാക്കിയ മറുപടിയിൽ സംയുക്ത പരിശോധന നടത്തി വാട്ടർ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് 05-10-19 ലെ ഭരണസമിതി യോഗം വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ട് തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ട്.

മുൻവർഷങ്ങളിൽ തിട്ടപ്പെടുത്തിയ വാട്ടർ ടാപ്പുകളുടെ എണ്ണത്തിന് അനുസൃതമായി നിലവിലും വെള്ളക്കരം ഒടുക്കി വരുന്നതായി കാണുന്നു. ഇവയിൽ കേടായ ടാപ്പുകൾ, ജല ലഭ്യത ഇല്ലാത്തവ എന്നിവയൊക്കെ ഉൾപ്പെടുന്നുണ്ട് എന്നതിനാൽ ഉപയോഗയോഗ്യമായ ടാപ്പുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഉണ്ടാകുന്നു. കൂടാതെ പഞ്ചായത്തിൽ ഗാർഹിക കുടിവെള്ള കണക്ഷൻ പ്രോത്സാഹിപ്പിക്കുന്നതിനായും ജലലഭ്യത ഉറപ്പ് വരുത്തുന്നതിനായും മുൻവർഷങ്ങളിലും തൻവർഷവും ഗാർഹിക കുടിവെള്ള കണക്ഷൻ, കിണർ റീചാർജ്ജിംഗ് എന്നീ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ഈ സാഹചര്യത്തിൽ പൊതുടാപ്പുകളുടെ ആവശ്യകത കുറഞ്ഞ് വരുന്നതായി വിലയിരുത്താവുന്നതും തദനുസരണമായി വെള്ളക്കരം ഒടുക്കുന്നതുകയിൽ കുറവ് വരുത്താവുന്നതുമാണ്. ഈ വിഷയം ഭരണ സമിതി ചർച്ച ചെയ്ത് പഞ്ചായത്ത് തലത്തിൽ തന്നെ ഉപയോഗ യോഗ്യമായ ടാപ്പുകളുടെ എണ്ണം കണക്കാക്കി തദനുസരണമായി മാത്രം വെള്ളക്കര കുടിശ്ശിക ഒടുക്കു വരുത്തി ഈ ഇനത്തിലെ അധിക ചെലവ് നിയന്ത്രിക്കേണ്ടതാണ്. ഇതിന്മേൽ സ്വീകരിച്ച തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-38 കൃഷി ഭവൻ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ - കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ -

# അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം. | S0102/19 |
| പ്രോജക്ടിന്റെ പേര് | കൃഷി ഭവൻ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ (സാധനങ്ങൾ വാങ്ങൽ) |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 60000/-(വികസന ഫണ്ട്) |
| ചെലവ് | 60000/- |
| ബിൽ നമ്പർ | 35/26.03.19 |

കൃഷി ഓഫീസിലേയ്ക്ക് രണ്ട് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തത്. പ്രോജക്ട് പ്രകാരം വിൻസ്റ്റാർ കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും 60000/- രൂപയ്ക്ക് ഇൻവോയ്സ് നമ്പർ 4141/23.03.2019 പ്രകാരം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. പ്രോജക്ടിന്റെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രൊക്യൂർമെന്റ് മാന്വൽ സ.ഉ.(പി)നം.259/2010/ത.സ്വ.ഭ.വ തീ.08.11.2010)ഖണ്ഡിക.3.2പ്രകാരം 25000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങൽ നടത്തുമ്പോൾ ലിമിറ്റഡ് ടെൻഡർ നടപ്പാക്കണം. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചാണ് മേൽ വാങ്ങൽ നടത്തിയിട്ടുള്ളത്. കൂടാതെ ക്വട്ടേഷൻ നോട്ടീസിൽ ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ വ്യക്തമാക്കണമെന്ന പ്രൊക്യൂർമെന്റ് മാന്വൽ ഖണ്ഡിക 4.1പ്രകാരമുള്ള നിർദ്ദേശവും പാലിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ മേൽ വാങ്ങൽ നടത്തിയിട്ടുള്ളത് കമ്മിറ്റിയിൽ തീരുമാനം കൂടാതെയാണ്. കൂടാതെ ക്വട്ടേഷൻ അംഗീകരിച്ച നടപടി ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുമില്ല.

2)ക്വട്ടേഷൻ നോട്ടീസിൽ ഉപകരണങ്ങളുടെ വാറന്റിയും അറ്റകുറ്റപ്പണികൾ ഉൾപ്പെടെയുള്ള വ്യവസ്ഥകളും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ട് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്ത സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ല. കൂടാതെ വാറന്റി കാലാവധി സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രോജക്ട് പ്രകാരം 60000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയ ഇൻവോയ്സിൽ (നം.4141/23.03.2019)50000/- രൂപയാണ് അംഗീകരിച്ച് നൽകിയതായി കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. ശേഷിക്കുന്ന 10000/- രൂപയുടെ ഉപകരണങ്ങൾ കൂടി ലഭ്യമായത് കൃഷിഓഫീസർ ഉറപ്പാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 57/30.11.19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ കർശനമായും പാലിച്ചുകൊണ്ട് പദ്ധതി നിർവഹണം നടത്തേണ്ടതും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും, പ്രൊക്യൂർമെന്റ് കമ്മിറ്റിയും മേൽ വിഷയങ്ങൾ പരിശോധിച്ച് ഉറപ്പാക്കേണ്ടതുമാണ്.

## 1-39 രോഗം വന്ന തെങ്ങുകൾ മുറിച്ച് മാറ്റൽ - ചെലവ് രേഖകളുടെ അഭാവത്തിൽ 536900/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | S0098/19 |
| പ്രോജക്ടിന്റെ പേര് | രോഗം വന്ന തെങ്ങുകൾ മുറിച്ച് മാറ്റി പുതിയ തൈ വച്ചുപിടിപ്പിക്കൽ |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 536900/- |
| ചെലവ് | 536900/- |
| ബിൽ നമ്പർ | 09/03.11.18(86100), 23/13.03.19(65000), 440/01.03.19(75000), 441/01.03.19(35000), 448/05.03.19(68500), 453/07.03.19/(54000), 480/13.02.19(52500), 35/27.03.19,(60000) 599/27.03.19,(36900) 443/01.02.19(3900) |

രോഗം വന്ന തെങ്ങുകൾ മുറിച്ച് മാറ്റി പകരം പുതിയ തൈകൾ വച്ചുപിടിപ്പിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ഒരു തെങ്ങിൻതൈ മുറിച്ച് മാറ്റുന്നതിന് 500/- രൂപ സബ്സിഡിയും, പുതിയ തൈകൾ വച്ച് പിടിപ്പിക്കുന്നതിന് 45/- രൂപ ഗുണഭോക്തൃ വിഹിതവും 105/- രൂപ പദ്ധതി വിഹിതവും ഉൾപ്പെടെയാണ് പദ്ധതിയുടെ ചെലവ് നിർണയിച്ചിട്ടുള്ളത്. പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)തെങ്ങ് മുറിച്ചുമാറ്റുന്നതിന് ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷകളിൽ മുറിച്ചു മാറ്റേണ്ട തെങ്ങുകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ അപേക്ഷകളിൻമേൽ കൃഷി അസിസ്റ്റന്റ്, കൃഷി ഓഫീസർ എന്നിവർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. മേൽ സാഹചര്യത്തിൽ തെങ്ങ് മുറിച്ച് മാറ്റുന്നതിന് പദ്ധതിതുക ചെലവഴിച്ചതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2)കൃഷി വകുപ്പിന് കീഴിലുള്ള കഴക്കൂട്ടം കോക്കനട്ട് നഴ്സറിയിൽ നിന്നാണ് തെങ്ങിൻ തൈകൾ വാങ്ങിയിട്ടുള്ളത്. എന്നാൽ തെങ്ങിൻതൈകൾ ലഭ്യമായതിന്റെ രേഖകൾ, സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ലഭ്യമാക്കിയ കോക്കനട്ട് നഴ്സറി - ഡെലിവറി നോട്ട് പ്രകാരം(CNK/17.10.19) 204 തെങ്ങിൻ തൈകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്.

3)കഴക്കൂട്ടം കോക്കനട്ട് നഴ്സറി സമർപ്പിച്ച പ്രൊഫോമ ഇൻവോയ്സ് പ്രകാരം 2000/-രൂപയാണ് ട്രാൻസ്പോട്ടേഷൻ ചാർജ്ജ് ഇനത്തിൽ നിരക്ക് നിർണയിച്ചത്. എന്നാൽ വൗച്ചർ പ്രകാരം 3900/-രൂപ ട്രാൻസ്പോട്ടേഷൻ ചാർജ്ജായി ചെലവഴിച്ചിട്ടുണ്ട്. കൂടാതെ വൗച്ചറിനോടൊപ്പം വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് ഉൾപ്പെടയുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല.

4)പുതിയ തൈകൾ വച്ച് പിടിപ്പിക്കുന്നതിന് 45 രൂപ ഗുണഭോക്തൃ വിഹിതവും 105 രൂപ പദ്ധതി വിഹിതം ഉൾപ്പെടെയാണ് പദ്ധതിയുടെ ചെലവ് നിർണയിച്ചിട്ടുള്ളത്. എന്നാൽ ഗുണഭോക്തൃ വിഹിതം നേരിട്ട് പിരിച്ചെടുക്കാതെ, ഗുണഭോക്താക്കൾക്ക് തെങ്ങ് മുറിച്ചുമാറ്റുന്നതിന് നൽകിയ തുകയിൽ നിന്നും ആനുപാതിക തുക കിഴിവ് ചെയ്യുകയും, പ്രസ്തുത തുക കൃഷി ഓഫീസറുടെ റ്റി.എസ്.ബി അക്കൗണ്ട്, കൃഷി അസിസ്റ്റന്റിന്റെ(ശ്രീ.മുരളീധരൻ) സേവിംഗ്സ് ബാങ്ക് അക്കൗണ്ട് എന്നിവയിലാണ് ഒടുക്ക് വരുത്തിയിട്ടുള്ളത്. ഗുണഭോക്താക്കൾക്ക് നൽകിയ തുകയിൽ നിന്നും ഗുണഭോക്തൃ വിഹിതം ഇനത്തിൽ 01.03.2019 മുതൽ കിഴിവ് ചെയ്ത് മേൽ തുക 27.03.2019-ൽ മാത്രമാണ് ഗ്രാമപഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുള്ളത്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 57/30.11.19 ന് മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 536900/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-40 തരിശ് ഭൂമി കൃഷി- അധിക തുക ചെലവഴിച്ചു. രേഖകളുടെ അഭാവത്തിൽ 761875/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | SO088/19 |
| പ്രോജക്ടിന്റെ പേര് | ജൈവസമൃദ്ധി - തരിശ്ഭൂമി കൃഷി |
| നിർവഹണം | കൃഷി ഓഫീസർ |
| | |

| | |
|---|---|
| അടങ്കൽ | വികസന ഫണ്ട് - 524000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 145000<br>ജില്ല പഞ്ചായത്ത് വിഹിതം - 145000<br>ആകെ - 814000/- |
| ചെലവ് (സുലേഖ ചെലവ് പത്രിക പ്രകാരം) | വികസന ഫണ്ട് - 493250<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 126750<br>ജില്ല പഞ്ചായത്ത് വിഹിതം - 141875<br>ആകെ - 761875 |
| ബിൽ നമ്പർ, തുക | 01/14.06.18(30000),<br>02/14.06.18(48250),<br>04/30.07.18(96704),<br>07/30.8.18(72500),<br>22/16.01.19(90000),<br>21/16.01.19(36000),<br>27/13.03.19(6296),<br>33/26.03.19(78960),<br>32/26.03.19(34540),<br>(ചെക്ക് വിവരങ്ങൾ ഹാജരാക്കിയിട്ടില്ല) |

തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ഗ്രാമപഞ്ചായത്തിലെ ഏഴ് പാടശേഖരസമിതികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ഒരു ഹെക്ടർ കൃഷിയിടത്തിന് 25000/- രൂപ കർഷകനും 5000 രൂപ ഭൂവുടമയ്ക്കും 5000/-രൂപ യന്ത്രങ്ങളുടെ ചെലവ് ഉൾപ്പെടെ 35000/- രൂപയാണ് ഒരു ഗുണഭോക്താവിന്റെ ചെലവ് നിർണയിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ മുത്താന പാടശേഖരസമിതി ആകെ 5.21 ഹെക്ടർ തരിശ് ഭൂമയാണ് (1287 സെന്റ്) കൃഷി ചെയ്തിട്ടുള്ളത്. പ്രോജക്ട് പ്രകാരം പ്രസ്തുത പാടശേഖരസമിതിക്ക് അനുവദിക്കാവുന്ന പരമാവധി തുക 182350/- രൂപയാണ്. എന്നാൽ പ്രോജക്ട് പ്രകാരം ആകെ 199955/- രൂപ മുത്താന പാടശേഖര സമിതിക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.57/30.11.19-ന് ലഭ്യമാക്കിയ മറുപടിയിൽ അധികമായി നൽകിയ തുക പദ്ധതി ഗുണഭോക്താക്കളായ കുട്ടപ്പുര പാടശേഖരസമിതി, പനയറ പാടശേഖര സമിതി, ചെമ്മരുതി പാടശേഖരസ മിതി എന്നിവർക്ക് നൽകേണ്ടിയിരുന്ന തുകയായിരുന്നുവെന്നും അപാകത ബോധ്യപ്പെട്ടപ്പോൾ 04.05.2019-ന് തുക ചെക്ക് ഉപയോഗിച്ച് പിൻവലിച്ച് പ്രസ്തുത ഗുണഭോക്താക്കൾക്ക് അനുവദിച്ചു നൽകിയെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ ബാങ്ക് പാസ്ബുക്ക്, ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക്

ലഭ്യമാക്കിയിട്ടില്ല. കൂടാതെ ബ്ലോക്ക് - ജില്ലാ പഞ്ചായത്ത് വിഹിതങ്ങളുടെ ചെക്ക് വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ61/30.11.19-ന് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 761875/- രൂപ ചെലവ് തുക തടസപ്പെടുത്തുന്നു.

# 1-41 ഇടവിള കൃഷി - ക്വട്ടേഷൻ വ്യവസ്ഥകൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു- 72500/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | S0086/19 |
| പ്രോജക്ടിന്റെ പേര് | ഇടവിള കൃഷി |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 72500/- |
| ചെലവ് | 72500/- |
| ബിൽ നമ്പർ | 12/30.08.2019 |

ഇഞ്ചി, മഞ്ഞൾ, ചേന, ചേമ്പ്, കാച്ചിൽ, നനകിഴങ്ങ് ഉൾപ്പെടെയുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് വിതരണം ചെയ്യുന്നതിനാണ് മേൽ പദ്ധതി വിഭാവനം ചെയ്തത്. നടീൽ വസ്തുക്കൾ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുകയായ 72500/- രൂപ ക്വാട്ട് ചെയ്ത ശ്രീമതി രേണുകദേവി, സ്വപ്ന, ചിറയിൻകീഴ് എന്ന വ്യക്തിക്ക് ക്വട്ടേഷൻ അംഗീകരിച്ച് നൽകുകയും ചെയ്തു. പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രൊക്യൂർമെന്റ് മാന്വൽ സ.ഉ.(പി)നം.259/2010/ത.സ്വ.ഭ.വ തീ.08.11.2010)ഖണ്ഡിക 3.2പ്രകാരം 25000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങൽ നടത്തുമ്പോൾ ലിമിറ്റഡ് ടെൻഡർ നടപ്പാക്കണം. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചാണ് മേൽ വാങ്ങൽ നടത്തിയിട്ടുള്ളത്. മേൽ വാങ്ങൽ നടത്തിയിട്ടുള്ളത് പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ തീരുമാനം കൂടാതെയാണെന്ന് പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സിന്റെ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. കൂടാതെ ക്വട്ടേഷൻ അംഗീകരിച്ച നടപടി ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുമില്ല.

2)നടീൽ ഇനങ്ങൾക്ക് ഏറ്റവും കുറഞ്ഞതുക ക്വാട്ട് ചെയ്ത ശ്രീമതി രേണുകദേവി, സ്വപ്ന, ചിറയിൻകീഴ് എന്ന വ്യക്തിയുടെ ക്വട്ടേഷനാണ് അംഗീകരിച്ചത്. ക്വട്ടേഷൻ വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ട് മേൽ

വ്യക്തിയുമായി ഗ്രാമപഞ്ചായത്ത് കരാർ ചമച്ചിട്ടില്ല.

3)17.07.2018-ലെ ക്വട്ടേഷൻ 30.08.2018-ൽ അംഗീകരിക്കുകയും 30.08.2018-ൽ തന്നെ ശ്രീമതി രേണുകദേവിയ്ക്ക് മുൻകൂറായി തുക അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നടീൽ ഇനങ്ങൾ ലഭ്യമാക്കിയതും സ്റ്റോക്കിലെടുത്തതും 01.02.2019-ൽ മാത്രമാണ് .

4) അംഗീകരിച്ച ക്വട്ടേഷൻ പ്രകാരമുള്ള നടീൽ ഇനങ്ങളിലും ലഭ്യമാക്കിയ ഇനങ്ങളിലും താഴെപ്പറയും വിധം വ്യത്യാസം കാണുന്നു .

| ക്വട്ടേഷൻ പ്രകാരം | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ലഭ്യമാക്കിയ ഇനങ്ങൾ |
|---|---|
| | ഇഞ്ചി- 1 kg |
| ഇഞ്ചി- 5 kg | മഞ്ഞൾ - 3 kg |
| മഞ്ഞൾ - 5 kg | ചേന- 4 kg |
| ചേന – 1 kg | ചേമ്പ് - 2 kg |
| ചേമ്പ് - 1 kg | കാച്ചിൽ - 2 kg |
| കാച്ചിൽ - 1 kg | നനക്കിഴങ്ങ് - 1 kg |
| നനക്കിഴങ്ങ് - 1 kg | ചെറുവള്ളിക്കിഴങ്ങ് - 1 kg |
| | താമരക്കണ്ണൻചേമ്പ് - 250 gm |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 57/30.11.19 ന് മറുപടി ലഭ്യമാക്കിയില്ല. ക്വട്ടേഷൻ വ്യവസ്ഥകൾക്ക് വിരുദ്ധമായി ചെലവഴിച്ച 72500/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

# 1-42 ഹരിത ഭവനം - പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0112/19 |
| പ്രോജക്ടിന്റെ പേര് | ഹരിത ഭവനം |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 1364400/-(വികസന ഫണ്ട്) |
| ചെലവ് | 363590/- |

കിണർ റീചാർജ്ജിംഗ്, കോഴിക്കൂട് നിർമ്മാണം, പത്ത് കോഴികളെ വാങ്ങി നൽകൽ, കമ്പോസ്റ്റ് നിർമ്മാണം എന്നിവയാണ് പ്രോജക്ടിൽ വിഭാവനം ചെയ്തത്. കോഴിയും കൂടും വാങ്ങുന്നതിന് 2250/- രൂപയും, കമ്പോസ്റ്റ് യൂണിറ്റിന് 1250/- രൂപയും, കിണർ ചാർജ്ജിംഗിന് 7200/- രൂപയുമടക്കം 10700/- രൂപയാണ് പരമാവധി സബ്സിഡി നിരക്ക്.

കോഴിക്കൂട് നിർമ്മാണവും കോഴികളെ വാങ്ങിയതും ഗുണഭോക്താക്കൾ നേരിട്ടാണ്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥനോ, പ്രൊക്യൂർമെന്റ് കമ്മിറ്റിയോ മേൽ വാങ്ങൽ പരിശോധിച്ച്

ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ, പ്രോജക്ട് മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 61/30.11.19 ന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ കർശനമായും പാലിച്ചുകൊണ്ട് പദ്ധതി നിർവഹണം നടത്തേണ്ടതും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും പ്രൊക്യൂർമെന്റ് കമ്മിറ്റിയും മേൽ വിഷയങ്ങൾ പരിശോധിച്ച് ഉറപ്പാക്കേണ്ടതുമാണ്.

## 1-43 മുട്ടക്കോഴിയും കൂടും - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ -273000/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | S0186/19 |
| പ്രോജക്ടിന്റെ പേര് | മുട്ടക്കോഴിയും കൂടും (പൊതുവിഭാഗം) |
| നിർവഹണം | വെറ്റിനറി സർജൻ |
| അടങ്കൽ | വികസന ഫണ്ട് - 397500<br>ഗുണഭോക്തൃ വിഹിതം - 996990<br>ആകെ - 1394490/- |
| ചെലവ് | 322000/- |
| ബിൽ നമ്പർ/ചെക്ക് നമ്പർ, തുക | 37/25.02.19 (68000/-)<br>44/05.03.19(68000/-)<br>50/21.03.19(14430/-)<br>ചെക്ക് നമ്പർ 2549950 /28.02.19 (68000/-)<br>ചെക്ക് നമ്പർ 2549951/28.02.19 (68000/-)<br>ചെക്ക് നമ്പർ 2549977/26.03.19 (35570/-) |

പത്ത് മുട്ടക്കോഴികളും ഒരു കോഴികൂടും വീതം ഏഴ് ഗുണഭോക്താക്കൾക്കും പത്തു മുട്ടകോഴികളെ വീതം 273 പേർക്കും വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തത്. പ്രോജക്ടുമായി ബന്ധപ്പെട്ട

അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)കോഴിക്കൂട് വാങ്ങുന്നതിനായി നൽകിയ 24.12.2018-ലെ 85/2018-ാം നമ്പർ ടെന്റർ പരസ്യത്തിൽ കോഴിക്കൂടിന്റെ വലുപ്പം, തരം എന്നിവ ഉൾപ്പെടെയുള്ള സ്പെസിഫിക്കേഷൻ വ്യക്തമാക്കിയിട്ടില്ല.

2)പ്രോജക്ട് പ്രകാരം 273000/- രൂപയ്ക്ക് ബിസ്മി എഗ്ഗ് നഴ്സറി എന്ന സ്ഥാപനത്തിൽ നിന്നും മുട്ടക്കോഴികളെ വാങ്ങിയിട്ടുണ്ട്. എന്നാൽ സ്ഥാപനം സമർപ്പിച്ച ഇൻവോയ്സ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3)കോഴിക്കൂട് വിതരണം ചെയ്യുന്നതിനായി സമർപ്പിച്ച ടെന്ററുകളിൽ ഏറ്റവും കുറഞ്ഞ തുകയായ 5900/- രൂപ, ക്വാട്ട് ചെയ്ത ബിസ്മി ട്രേഡേഴ്സ് എന്ന സ്ഥാപനത്തിനാണ് ടെന്റർ അംഗീകരിച്ചു നൽകിയത് (17.01.19 ലെ 01/16-ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം). എന്നാൽ സ്ഥാപനം സമർപ്പിച്ച ഇൻവോയ്സ് പ്രകാരം ഒരു കോഴിക്കൂടിന് 6000/- രൂപ വീതം ആകെ 7 കൂടിന് 42000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട് . (ഇൻവോയ്സ് നം.25തീ.09.03.19). മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 44/28.11.19ന് മറുപടി ലഭ്യമാക്കിയില്ല. ഇൻവോയ്സ് ലഭ്യമാക്കാത്തതിനാൽ മുട്ടക്കോഴികളെ വാങ്ങിയതിന്റെ എണ്ണവും വിതരണം ചെയ്തതിന്റെ എണ്ണവും പരിശോധിക്കാൻ സാധിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ 273000/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

# 1-44 ആട് വളർത്തൽ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

**എ)**

| | |
|---|---|
| പ്രോജക്ട് നമ്പർ | SO083/19 |
| പ്രോജക്ടിന്റെ പേര് | ആട് വളർത്തൽ - പട്ടിക ജാതി |
| നിർവഹണം | വെറ്റിനറി സർജൻ |
| അടങ്കൽ | വികസനഫണ്ട് - 744000<br>ഗുണഭോക്തൃ വിഹിതം - 248000<br>ആകെ - 992000 |
| ചെലവ് | 992000/- |

**ബി)**

| | |
|---|---|
| പ്രോജക്ട് നമ്പർ | SO081/19 |
| പ്രോജക്ടിന്റെ പേര് | ആട് വളർത്തൽ |
| നിർവഹണം | വെറ്റിനറി സർജൻ |
| [illegible] | [illegible] |

| | |
|---|---|
| അടങ്കൽ | വികസനഫണ്ട് - 200000<br>ഗുണഭോക്തൃ വിഹിതം - 200000<br>ആകെ - 400000/ |
| ചെലവ് | 384000/- |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ക്ഷീര കർഷകർക്ക്, 75% സബ്സിഡിയും 25% ഗുണഭോക്തൃ വിഹിതവും ഉൾപ്പെടെ 2 ആടുകളെ വീതം വാങ്ങി നൻകുന്നതിനാണ് പദ്ധതി(എ) വിഭാവനം ചെയ്തത്. ക്ഷീര കർഷകർക്ക്, 50% സബ്സിഡിയും 50% ഗുണഭോക്തൃ വിഹിതവും ഉൾപ്പെടെ 2 ആടുകളെ വീതം വാങ്ങി നൽകുന്നതിനാണ് പദ്ധതി(ബി) വിഭാവനം ചെയ്തത്. പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)ഗുണഭോക്താക്കൾക്ക് ആടുകളെ വിതരണം ചെയ്ത ശ്രീ.നിസാമുദ്ദീൻ, സുഹറ മൻസിൽ, വടശ്ശേരിക്കോണം, ശ്രീ.ജയകുമാർ, അക്കര മംഗലം, ചെമ്മരുതി എന്നീ വ്യക്തികൾ സമർപ്പിച്ച അപേക്ഷ, കൈപ്പറ്റ് എന്നിവയും വിതരണം ചെയ്ത ആടുകളുടെ എണ്ണം , സബ്സിഡി എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| തീയതി | അപേക്ഷകൻ | അപേക്ഷ /കൈപ്പറ്റ് രസീത് പ്രകാരം | ബിൽ പ്രകാരം |
|---|---|---|---|
| 11.10.18 | ശ്രീ.നിസാമുദ്ദീൻ സുഹറ മൻസിൽ, വടശ്ശേരിക്കോണം | 10 ഗുണഭോക്താക്കൾക്ക് 2 ആടുകളെ വീതം 60000/- രൂപയ്ക്ക്(പ്ലാൻ ഫണ്ട്) ആടുകളെ വിതരണം ചെയ്തു | 5 ഗുണഭോക്താക്കൾക്ക് 2 ആടുകളെ വീതം 60000/- രൂപയ്ക്ക് (പ്ലാൻ ഫണ്ട്) ആടുകളെ വിതരണം ചെയ്തു |
| 12.10.18 | ശ്രീ.നിസാമുദ്ദീൻ സുഹറ മൻസിൽ, വടശ്ശേരിക്കോണം | 10 ഗുണഭോക്താക്കൾക്ക് 2 ആടുകളെ വീതം 20000/- രൂപയ്ക്ക് (ഗുണഭോക്തൃ വിഹിതം) ആടുകളെ വിതരണം ചെയ്തു | 5 ഗുണഭോക്താക്കൾക്ക് 2 ആടുകളെ വീതം 20000/- രൂപയ്ക്ക് (ഗുണഭോക്തൃ വിഹിതം) ആടുകളെ വിതരണം ചെയ്തു |

2)വിതരണം ചെയ്ത ആടുകളുടെ ഗുണനിലവാരം, സബ്സിഡി മാർഗരേഖ [സഉ(കൈ)നം.22/2018/തസ്വഭവ തീ.14.02.2018] പ്രകാരം ആടുകളുടെ പ്രായം, തൂക്കം എന്നിവ പ്രൊക്യൂർമെന്റ് കമ്മിറ്റി/നിർവഹണ ഉദ്യോഗസ്ഥ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. എന്നാൽ ആടുകളെ വാങ്ങി നൽകിയപ്പോൾ മേൽ നിർദ്ദേശം പാലിച്ചിട്ടില്ല. കൂടാതെ വിതരണം ചെയ്ത ആടുകൾക്ക് ഇൻഷ്വറൻസ് നടത്തണമെന്ന സബ്സിഡി മാർഗരേഖ നിർദ്ദേശവും പാലിച്ചിട്ടില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 44/28.11.19 ന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ കർശനമായും പാലിച്ചുകൊണ്ട് പദ്ധതി നിർവഹണം നടത്തേണ്ടതും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും, പ്രൊക്യൂർമെന്റ് കമ്മിറ്റിയും മേൽ വിഷയങ്ങൾ പരിശോധിച്ച് ഉറപ്പാക്കേണ്ടതുമാണ്.

# 1-45 എ.ബി.സി പ്രോഗ്രാം - ചെലവ് രേഖകൾ ഹാജരാക്കിയില്ല- 200000/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | S0066/19 |
| പ്രോജക്ടിന്റെ പേര് | എ.ബി.സി പ്രോഗ്രാം |
| നിർവഹണം | വെറ്റിനറി സർജൻ |
| അടങ്കൽ | 200000/- |
| ചെലവ് | 200000/- |
| ബിൽ നമ്പർ | 02/31.05.18 |

എ.ബി.സി. പദ്ധതി നടപ്പാക്കുന്നതിനായി 200000/- രൂപ കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷന് അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി പ്രകാരം നടപ്പാക്കിയ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളും പദ്ധതിയുടെ ചെലവ് രേഖകളും മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 44/28.11.19ന് മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 200000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-46 അംഗീകാരം വാങ്ങിയ പ്രവൃത്തികൾ നടപ്പാക്കാൻ കാലതാമസം

2018-19 സാമ്പത്തിക വർഷം 74 മരാമത്ത് പ്രവൃത്തികൾക്ക് അംഗീകാരം വാങ്ങിയിരുന്നു. എന്നാൽ 22 പ്രവൃത്തികൾ നടപ്പാക്കിയില്ല. അവയിൽ സ്പിൽ ഓവർ പ്രവൃത്തികളുമുണ്ട്. ജി.ഒ.(എം.എസ്) നമ്പർ 72/2017/ തസ്വഭവ തീയതി 29-3-2017 പദ്ധതി മാർഗരേഖ ഖണ്ഡിക 6.8(2)ൽ സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ അതേ വർഷംതന്നെ നിർബന്ധമായും പൂർത്തീകരിയ്ക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. അംഗീകാരം വാങ്ങിയതിനുശേഷം തൻവർഷം നടപ്പാക്കാത്ത പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് |
|---|---|---|
| 1 | 2/19 | ഖാദി കണ്ണങ്കുളങ്ങര ഞെക്കാട് റോഡ് മെയിന്റനൻസ് |
| 2 | 11/19 | ബംഗ്ലാവിൽ കാട്ടുംപുറം റോഡ് മെയിന്റനൻസ് |
| 3 | 14/19 | പുതുവീട് റോഡ് മെയിന്റനൻസ് |
| 4 | 15/19 | കുമിളിയിൽ റോഡ് മെയിന്റനൻസ് |
| 5 | 17/19 | കല്ലിടാന്തി കോളനി റോഡ് പാർശ്വഭിത്തി നിർമ്മാണം |
| 6 | 20/19 | പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ വാർത്താ ബോർഡ് സ്ഥാപിക്കൽ |
| 7 | 46/19 | കൃഷി ഭവൻ അധിക സൗകര്യം ഒരുക്കൽ |
| 8 | 48/19 | പി.എച്ച്.സി. കെട്ടിടം ഇന്റർലോക്കും ഗ്രിൽ ഇടീലും |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| 9 | 50/19 | സ്കൂൾ മെയിന്റനൻസ് |
| 10 | 69/19 | പൊതുകിണറുകളുടെ മെയിന്റനൻസ് |
| 11 | 70/19 | ടി.വി. പാർക്ക് മെയിന്റനൻസ് |
| 12 | 122/19 | പകൽവീട് - അധികസൗകര്യം ഒരുക്കൽ |
| 13 | 141/19 | പഞ്ചായത്ത് ഓഫീസ് നവീകരണം |
| 14 | 157/19 | ഗുരുമുക്ക് ഇന്ദ്രപ്രസ്ഥം റോഡ് മെയിന്റനൻസ് വാർഡ് 5 (സ്പിൽ ഓവർ) |
| 15 | 176/19 | ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ രണ്ടാം ഘട്ടം |
| 16 | 177/19 | കുട്ടപുര ഏലാതോട് സംരക്ഷണഭിത്തി നിർമ്മാണം |
| 17 | 180/19 | ചാവടിമുക്ക്, മുട്ടപ്പലം പൊതുമാർക്കറ്റുകളിൽ ശൗചാലയം നിർമ്മാണം |
| 18 | 181/19 | എൽ.എസ്.ജി.ഡി. ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ |
| 19 | 182/19 | പഞ്ചായത്ത് ഓഫീസ് റെക്കോർഡ് റൂം സജ്ജീകരിക്കൽ |
| 20 | 185/19 | കരാറുകാർക്കുള്ള ജി.എസ്.ടി. അധികതുക വകയിരുത്തൽ |
| 21 | 188/19 | വിവിധ വാർഡുകളിൽ മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കൽ |
| 22 | 190/19 | പഞ്ചായത്ത് ഓഫീസിന് അധിക സൗകര്യം ഒരുക്കൽ |

2/19, 11/19, 14/19, 15/19, 17/19, 122/19 എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചെങ്കിലും ഫണ്ടിന്റെ ലഭ്യതക്കുറവ് മൂലം ബിൽ മാറാൻ സാധിച്ചില്ലായെന്നും 180/19, 188/19, 190/19 എന്നീ പ്രവൃത്തികൾക്കായി എഗ്രിമെന്റ് വച്ചെങ്കിലും പൂർത്തീകരിക്കാൻ വേണ്ട സമയം ലഭ്യമാകാത്തതിനാൽ സ്പിൽ ഓവറായെന്നും കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയതുമൂലം റീ-ടെന്റർ ചെയ്യേണ്ടിവന്നതിനാൽ 20/19, 48/19, 69/19, 70/19 എന്നീ പ്രവൃത്തികൾ സ്പിൽ ഓവറായെന്നും വിശദീകരിച്ചിട്ടുണ്ട് (എൻക്വയറി നമ്പർ 15/23.11.2019). 157/19-ാം നമ്പർ പ്രവൃത്തിയുടെ സൈറ്റിൽ അതിർത്തി തർക്കം നിലനിൽക്കുകയും അത് പഞ്ചായത്തിന് പരിഹരിക്കാൻ കഴിയാതെ വന്നതിനാലും സ്പിൽ ഓവറായി. പ്രസ്തുത പ്രവൃത്തി തൻവർഷം സ്പിൽ ഓവറായി അംഗീകാരം വാങ്ങിയതായിരുന്നു. കുട്ടപുര ഏലാതോട് സംരക്ഷണഭിത്തി നിർമ്മാണം എന്ന പ്രവൃത്തി ടെന്റർ ചെയ്തെങ്കിലും കരാറുകാർ ഏറ്റെടുത്തില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം വാങ്ങിയ പ്രോജക്റ്റുകളുടെ ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 847000 | 427936 | 51 |
| വികസനഫണ്ട്-SCP | 50000 | 49504 | 99 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 7027676 | 4331551 | 62 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 2000000 | 0 | 0 |
| തനത്ഫണ്ട് | 3678563 | 1106887 | 30 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 16176922 | 13067000 | 81 |

| | | | |
|---|---|---|---|
| മെയിന്റനൻസ് ഫണ്ട്(റോഡിതരം) | 2131000 | 1212125 | 57 |
| **ആകെ** | **31911161** | **20195003** | **63** |

പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാത്തതിന് വിവിധ കാരണങ്ങൾ വിശദീകരിച്ചിട്ടുണ്ട്. യഥാസമയം നടപടികൾ സ്വീകരിച്ച് ഫണ്ടിന്റെ പൂർണമായ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്.

# 1-47 ചാവടിമുക്ക് ഗ്രന്ഥശാല മെയിന്റനൻസ് - അധിക ചെലവ് 2694 രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ SO104/19-ാം നമ്പർ പ്രവൃത്തിയിൽ അളവ് കണക്കാക്കിയതിലെ പിഴവ് മൂലം 2694 രൂപ അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-1 കാണുക.

# 1-48 സ്ഥല പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു

പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് സർക്കുലർ നമ്പർ ഇ20/6699/2018/സി.ഇ/തസ്വഭവ തീയതി 21.06.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുംമുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്.

18-19 വർഷം നടപ്പാക്കിയ മിക്ക പ്രവൃത്തികളിലും ഇവയൊന്നും പാലിക്കാത്തതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നിട്ടുണ്ട്.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ) <u>പൊതുകുളങ്ങളുടെ മെയിന്റനൻസ് (SO164/19)</u>

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ, വേലാംകോണം കുളത്തിന്റെ തകർന്ന ഒരുവശം DR, RR masonaryഎന്നിവയാൽ സൈഡ് വാൾ നിർമ്മിക്കലും രണ്ട് കുളങ്ങളുടെയും ചുറ്റാകെ ഉയർത്തുകയുമാണ് ലക്ഷ്യമിട്ടിരുന്നത്. DR masonary, RR masonary എന്നിവ യഥാക്രമം 33.6 $m^3$ , 42.258 $m^3$ എന്നീ അളവുകളിൽ രണ്ട് ഇനങ്ങൾ മാത്രം ഉൾപ്പെടുത്തിയാണ് ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എന്നാൽ RR masonary ഒഴിവാക്കിയും DR masonary 7.47 $m^3$ ആയി കുറച്ചും Bailing out water, filling with quary muck, PCC, Laying ceramic glazed tiles മുതലായ 7 എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്തു.

ബി) <u>ചാവടിമുക്ക് ഗ്രന്ഥശാല മെയിന്റനൻസ് (SO104/19)</u>

ഗ്രന്ഥശാലയോട് ചേർന്ന് ബാത്ത് റൂം നിർമ്മിക്കുന്നതിനായി 19 അധിക ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

സി) <u>ഗവ. എൽ.പി. സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് റൂം (SO170/19)</u>

പനയറ, മുത്താന, ശ്രീനിവാസപുരം എൽ.പി.സ്കൂളുകളിലെ നിലവിലെ ഓരോ ക്ലാസ് റൂം വീതം സ്മാർട്ട് ക്ലാസ് റൂമാക്കുന്നതിനായാണ് ആദ്യം എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എന്നാൽ, പനയറ സ്കൂളിനെ ഒഴിവാക്കി എസ്റ്റിമേറ്റ് റിവൈസ് ചെയ്തു.

ഡി) <u>പനയറ എൽ.പി.എസ്. മിനി ഓഡിറ്റോറിയം നിർമ്മാണവും ബി.ആർ.സി. ബിൽഡിംഗ് അറ്റകുറ്റപ്പണികളും (SO165/19)</u>

അഞ്ച് ആധിക ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്തു.

സ്ഥലപരിശോധന നടത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതെന്നും പ്രവൃത്തി ചെയ്യുമ്പോൾ വരുന്ന വ്യത്യാസങ്ങൾ, അധിക സൗകര്യങ്ങളുടെ ഉൾപ്പെടുത്തൽ, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ വീഴ്ച എന്നിവ മൂലമാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വരുന്നതെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 59/30.11.2019). ഭൂരിഭാഗം പ്രവൃത്തികളും റിവൈസ് ചെയ്യേണ്ടിവന്നത് ന്യായീകരിക്കത്തക്കതല്ല. ഭാവിയിൽ ഇപ്രകാരം സംഭവിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

# 1-49 മുത്താന മിനി സ്റ്റേഡിയത്തിന് ബോർഡ് സ്ഥാപിക്കൽ -നിയതമായ രീതി പിന്തുടർന്നില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | SO183/19 |
| അടങ്കൽ തുക | 50000<br>(ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് തുക | 49930രൂപ |
| ബിൽ നമ്പർ | 43/10.03.2019 |
| കരാറുകാരൻ | ഷിജു (0.01% below) |
| എം-ബുക്ക് നമ്പർ | 98/18-19 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

എ)പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് Name board സ്ഥാപിക്കുന്നതിനാണ്. എസ്റ്റിമേറ്റ് ചുവടെ ചേർക്കും പ്രകാരമാണ്.

<u>1. Mini Stadium</u>

ഇനം 1 - 50.10.1 Steel work in builtup GI tubular trusses .. 30 kg @ 144.34 = 4330.20

<u>2. Providing Name board</u>

Lump sum total 45670.00

Total - 50000

ഒന്നാം ഇനം സ്റ്റേഡിയത്തിൽ ഗോൾ പോസ്റ്റ് നിർമ്മിക്കുന്നതിനാണ്. രണ്ടാം ഇനത്തിന് പ്രത്യേകമായി ഡാറ്റ തയ്യാറാക്കാതെയും ടെന്റർ ഷെഡ്യൂളിൽ ഉൾപ്പെടുത്താതെയും പ്രത്യേകം ക്വട്ടേഷൻ പ്രകാരമുള്ള 45600രൂപയാണ് നൽകിയിരിക്കുന്നത്.

ഇപ്രകാരം തുക നിശ്ചയിച്ചതിന്റെയും നൽകിയതിന്റെയും മാനദണ്ഡം വിശദമാക്കാൻ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 51/29.11.2019) ഇപ്രകാരം ഒരു പ്രവൃത്തി മുൻപ് ചെയ്തിട്ടില്ലാത്തതിനാലും CPWD, PWDസ്പെസിഫിക്കേഷനില്ലാത്തതിനാലും പ്രത്യേക ഡാറ്റ തയ്യാറാക്കിയില്ലായെന്ന് മറുപടി

ലഭ്യമാക്കിയിട്ടുണ്ട്. നിലവിലെ മാർക്കറ്റ് റേറ്റ് അനുസരിച്ചാണ് തുക വകയിരുത്തിയതെന്നും വിശദീകരിച്ചിട്ടുണ്ട്.

രണ്ടാമിനത്തിന് Observed Data തയ്യാറാക്കി എസ്റ്റിമേറ്റിലും ഷെഡ്യൂളിലും ഉൾപ്പെടുത്തി വേണമായിരുന്നു ടെന്റർ ക്ഷണിക്കേണ്ടിയിരുന്നത്.

ബി)ക്വട്ടേഷനിൽ Acrylic 3D Multi colour Projectile Lettering in ACP sheet Back ground എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഒറ്റ നിറത്തിലെ അക്ഷരങ്ങളിലുള്ള ബോർഡാണ് സ്ഥാപിച്ചത്.

സി)ഫയലിൽ സൂക്ഷിച്ചിട്ടുള്ള എം-ബുക്ക് (നമ്പർ 1/AE/CHIG/18-19 ) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇഷ്യൂ ചെയ്തതല്ല. ഓവർസീയർ അളവ് രേഖപ്പെടുത്തിയതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർ ഇഷ്യൂ ചെയ്തതാണ് പ്രസ്തുത എം.ബുക്ക് എന്നാണ് വിശദീകരണം.

ഭാവിയിൽ ഇപ്രകാരമുള്ള അപാകതകളുണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-50 ആർ.കെ.എം.യു.പി.എസ് റോഡിലെ ഐറിഷ് ഡ്രെയിൻ വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി പൊളിച്ചു മാറ്റി

ആർ.കെ.എം.യു.പി.എസ്. റോഡ് മെയിന്റനൻസിനായി 18-19 വർഷം ചുവടെ ചേർക്കും പ്രകാരം രണ്ട് പ്രവൃത്തികൾ നടപ്പാക്കി.

| | |
|---|---|
| പ്രോജക്ട് നം. | SO156/19 |
| പ്രോജക്ടിന്റെ പേര് | ആർ.കെ.എം.യു.പി.എസ് റോഡ് മെയിന്റനൻസ് |
| അടങ്കൽ | 364242 (മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്) |
| ചെലവ് | 348907 |
| ബിൽ നമ്പർ | 09/18-19<br>20-08-18 |
| എം.ബുക്ക് നമ്പർ | 05/18-19 |
| കരാറുകാരൻ | ശ്രീ.സുഗുണാനന്ദൻ |

| | |
|---|---|
| പ്രോജക്ട് നമ്പർ | SO013/19 |
| പ്രോജക്ടിന്റെ പേര് | ആർ.കെ.എം.യു.പി.എസ് റോഡ് മെയിന്റനൻസ് |
| അടങ്കൽ | 678850(മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്) |
| ചെലവ് | 670495 |
| ബിൽ നമ്പർ | 54/18-19<br>26-03-19 |
| | |

| | |
|---|---|
| എം.ബുക്ക് നമ്പർ | 245/18-19 |
| കരാറുകാരൻ | ശ്രീ.ഷിജു |

നമ്പർ SO156/19പ്രകാരമുള്ള പ്രവൃത്തിയിൽ ആർ.കെ.എം.യു.പി.എസ് റോഡിന് ഇരു വശത്തുമായി 566 മീറ്റർ നീളത്തിൽ Irish Drain സ്ഥാപിച്ചതിന് 348907 രൂപ ചെലവഴിച്ചിട്ടുണ്ട്. SO013/19 പ്രകാരമുള്ള പ്രവൃത്തിയിൽ ആർ.കെ.എം.യു.പി.എസ് റോഡ് 735 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും റീടാറിംഗും 80 മീറ്റർ നീളം, 10 സെ.മീ കനം, 1 മീറ്റർ വീതിയിലും ഐറിഷ് ഡ്രെയിനും ചെയ്തിട്ടുണ്ട്. 29-11-2019 ൽ അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ റോഡിന്റെ ഒരു വശത്തുള്ള Irish Drain പൂർണമായും പൊളിഞ്ഞ അവസ്ഥയിലും നിലവിലെ റോഡിന്റെ ടാർ ചെയ്ത ഭാഗത്തിന്റെ ഒരു വശം 150 മീറ്റർ നീളത്തിൽ ഇടിഞ്ഞ് താഴ്ന്ന നിലയിലും കണ്ടെത്തി.

2018-19 വർഷം നിർമ്മിച്ച Irish Drainഉം ടാർ റോഡും തകരാനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ(നം 54, 56 തീയതി 29.12.19 ) Irish Drain സ്ഥാപിച്ച് കഴിഞ്ഞ ഉടൻ തന്നെ പഞ്ചായത്തിന് യാതൊരു മുന്നറിയിപ്പും നല്കാതെ കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി റോഡിന്റെ ഒരു വശത്ത് സ്ഥാപിച്ച Irish Drain പൊളിച്ച് മാറ്റിയതായും ഈ പ്രവൃത്തി കാരണം ടാറിട്ട റോഡിന്റെ ഒരു ഭാഗം ഇടിഞ്ഞ് താഴ്ന്ന് അപകടാവസ്ഥയിലാണ് എന്നും അറിയിച്ചു. കൂടാതെ 489857 രൂപയുടെ നഷ്ടപരിഹാരം ആവശ്യപ്പെട്ട് കേരള വാട്ടർ അതോറിറ്റിക്ക് കത്ത് നല്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കി റോഡ് അറ്റകുറ്റപണി ചെയ്ത് പൂർവ്വസ്ഥിതിയിലാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-51 പി.എം.എ.വൈ ഭവന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ 2) നിർവ്വഹണ ഉദ്യോഗസ്ഥനായി പി.എം.എ.വൈ ഭവന പദ്ധതിക്കായി ചുവടെപ്പറയുന്ന പ്രോജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്തിലേക്ക് തുക അടവാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ,തീയതി |
|---|---|---|---|---|
| 1 | 38/18-19<br>പി.എം.എ.വൈ വിഹിതം നൽകൽ | 80000 | 67600<br>(വികസന ഫണ്ട്-ജനറൽ) | 25/25-10-2018 |
| 2 | 39/18<br>പി.എം.എ.വൈ വിഹിതം നൽകൽ | 90000 | 90000(വികസന ഫണ്ട്-എസ്.സി.പി) | 26/25-10-2018 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 17/23-11-2019) 2018-19 സാമ്പത്തിക വർഷത്തിൽ പി.എം.എ.വൈ പദ്ധതിക്കായി ജനറൽ വിഭാഗം ഭൗതിക ലക്ഷ്യം നിർണയിച്ച് നൽകിയിട്ടില്ലാത്തതിനാൽ പ്രസ്തുത തുക ചെലവഴിക്കാൻ കഴിഞ്ഞില്ലെന്നും ഇക്കാരണത്താൽ വിനിയോഗ സാക്ഷ്യപത്രം നൽകാൻ കഴിയില്ലെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളതാണെന്നും നിർവ്വഹണോദ്യോഗസ്ഥൻ വിശദീകരിക്കുന്നു. ഇപ്രകാരം കൃത്യമായി ഭൗതിക ലക്ഷ്യം പോലും നിർണ്ണയിച്ചിട്ടില്ലാത്ത പ്രോജക്ടിന്റെ നടത്തിപ്പിനായി പ്ലാൻ ഫണ്ട് ചെലവഴിച്ച് പദ്ധതി ആസൂത്രണം മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമാണ്. 2019-20 വർഷത്തിൽ എസ്.സി വിഭാഗം എഗ്രിമെന്റ് ആയിട്ടുണ്ടെന്നും ആയതിനാൽ എസ്.സി വിഭാഗം തുക ചെലവഴിക്കുന്നതാണെന്നും ജനറൽ വിഭാഗം ഭൗതിക ലക്ഷ്യം നിർണയിച്ച് നൽകുന്ന മുറയ്ക്ക് തുക ചെലവഴിക്കുന്നതാണെന്നും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-52 ലൈഫ് ഭവന പദ്ധതി- തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ 2) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതിയുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ)

| | |
|---|---|
| പ്രോജക്ട് നമ്പർ | 37/19 |
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവന പദ്ധതി (എസ്.സി) |
| അടങ്കൽ തുക | 4857584/- |
| ചെലവ് തുക | 3980000/- |

പ്രോജക്ട് പ്രകാരം 40 ഗുണഭോക്താക്കൾക്ക് 400000 രൂപ വീതം വകയിരുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയിരുന്നത്. ഇതിൽ പഞ്ചായത്തിന്റെ വികസന ഫണ്ട് 3822100, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 663050 രൂപ (ബ്ലോക്ക് വിഹിതം ലഭിച്ചതിനെ തുടർന്ന് ആയത് കൂടി ഉൾപ്പെടുത്തി പ്രോജക്ട് റിവൈസ് ചെയ്തു.) ജില്ലാ പഞ്ചായത്ത് വിഹിതം 372534 എന്നിങ്ങനെയാണ് പ്രോജക്ടിനായി തുക വകയിരുത്തിയിരുന്നത്. ഇതിൽ ചുവടെപ്പറയുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റിയെങ്കിലും നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.

| ക്രമ നം. | പേര്, മേൽ വിലാസം | നാളിതുവരെ കൈപ്പറ്റിയ തുക, (ബിൽ നമ്പർ) | നിലവിലെ സ്ഥിതി | നൽകേണ്ട തുക |
|---|---|---|---|---|
| 1 | രാജി.ആർ, മലയിൽ വീട്, ഞെക്കാട് | 2,00,000 (27/25.10.18) (30/06.02.19) | കോൺക്രീറ്റിംഗ് പുരോഗമിക്കുന്നു | 100000 |
| | | (2019-20 ൽ | | |

| | | | | |
|---|---|---|---|---|
| | | 1,00,000 രൂപ നല്കി) | | |
| 2 | ശ്രീമതി.ബേബി, മുള്ളൻ ചാണിൽ വീട് | 2,00,000 (40,000 ബ്ലോക്ക് വിഹിതം, 31/05-02-19) (2019-20 ൽ 1,00,000 രൂപ നല്കി) | കോൺക്രീറ്റിംഗ് പുരോഗമിക്കുന്നു | 1,00,000 |
| 3 | ശ്രീമതി.ലാലി, കാകൻകുന്ന് പുത്തൻ വീട് | 3,00,000 (40,000 ബ്ലോക്ക് വിഹിതം, 32/15-03-19) 52534/- രൂപ 2019-20 ൽ നൽകി | കോൺക്രീറ്റിംഗ് പുരോഗമിക്കുന്നു | 47466 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 16/23-11-2019) പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നും ഉടൻ തന്നെ പൂർത്തീകരിക്കുന്നതാണെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിലഭ്യമാക്കി.

ബി)

| | |
|---|---|
| പ്രോജക്ട് നമ്പർ | 36/18-19 |
| പ്രോജക്ടിന്റെ പേര് | ലൈഫ് (ജനറൽ) |
| അടങ്കൽ | 12400000 |
| ചെലവ് | 9580000 |

31 ഗുണഭോക്താക്കൾക്ക് 400000 രൂപ വീതം വകയിരുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയത്. തൻവർഷം വികസന ഫണ്ട് ഉൾപ്പെടെ 9580000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചുവടെപ്പറയുന്ന ഗുണഭോക്താവ് രണ്ട് ഗഡുക്കൾ കൈപ്പറ്റിയെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

| പേര്, മേൽ വിലാസം | കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി | നൽകേണ്ട തുക |
|---|---|---|---|
| ശ്രീമതി ഇന്ദു.ബി.എസ്, രേഷ്മ ഭവൻ | 2,00,000 (ബ്ലോക്ക് ഷെയർ 1,60,000 , ഹഡ്കോ ലോൺ 40,000) | അടിസ്ഥാന നിർമ്മാണം മാത്രം പൂർത്തീകരിച്ചു | 2,00,000 |

പ്രസ്തുത ഗുണഭോക്താവിന്റെ ഭവന നിർമ്മാണം ബേസ്മെന്റ് നിർമ്മാണത്തിന് ശേഷം പുരോഗതി ഇല്ലാത്ത നിലയിൽ ആണെന്നും ടിയാൾക്ക് രണ്ട് പ്രാവശ്യം രജിസ്റ്റേർഡ് നോട്ടീസ് അയച്ചിട്ടുള്ളതും പല തവണ നേരിൽ കണ്ട് പണി പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതുമാണെന്നും നിർവ്വഹണോദ്യോഗസ്ഥൻ വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 16/23-11-2019ന്റെ മറുപടി). തുടർന്നും പണി പൂർത്തീകരിക്കാത്ത സാഹചര്യം ഉണ്ടായാൽ നിയമനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഭവന നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-53 കിണർ റീചാർജ്ജിംഗ്- ആനുപാതികമായി പദ്ധതി ചെലവ് നടത്തിയില്ല

| | | |
|---|---|---|
| പ്രോജക്ട് നം. | 47/18-19 | |
| പ്രോജക്ടിന്റെ പേര് | കിണർ റീചാർജ്ജിംഗ് (ജനറൽ) | |
| നിർവ്വഹണം | വി.ഇ.ഒ (സർക്കിൾ 1) | |
| അടങ്കൽ | 1525000 (വികസന ഫണ്ട്-ജനറൽ) | 2496000 |
| | 1400(തനത് ഫണ്ട്) | |
| | 288000 (ബ്ലോക്ക് പഞ്ചായത്ത്) | |
| | 432000 (ജില്ല പഞ്ചായത്ത്) | |
| | 249600 (മറ്റുള്ളവ) | |
| ചെലവ് | 768862 | (വികസന ഫണ്ട് ജനറൽ) |
| ബിൽ നമ്പർ | 06/18-19<br>27-07-18 | 28800 |
| | 28/18-19<br>13-11-18 | 89812 |
| | 32/18-19<br>13-12-18 | 216000 |
| | 41/18-19<br>25-01-19 | 146250 |
| | 48/18-19<br>11-03-19 | 72000 |
| | 53/18-19<br>18-03-19 | 28800 |
| | 65/18-19<br>21-03-19 | 79200 |
| | 76/18-19<br>23-03-19 | 50400 |
| | 79/18-19<br>25-03-19 | 50400 |
| | 80/18-19<br>25-03-19 | 7200 |
| | | 768862 |

ജലക്ഷാമം നേരിടുന്നതിന്, ഹരിതകേരളം മിഷന്റെ ഭാഗമായി മുഴുവൻ കിണറുകളും റീചാർജ്ജ് ചെയ്യുന്നതിന്റെ ആദ്യ ഘട്ടം എന്ന നിലയിൽ പഞ്ചായത്ത് പ്രദേശത്തെ 312 വീടുകളിലെ കിണറുകൾ റീചാർജ്ജ് ചെയ്യുന്നതിനാണ് പ്രോജക്ട് ആവിഷ്കരിച്ചത്. ജില്ലാ ആസൂത്രണ മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാ കളക്ടറുടെ 01-03-2018 ലെ പി.എൽ.ജി.220/2018-19/ഡി.പി.സി/ഡി.പി.ഓ/തിരു. നമ്പർ ഉത്തരവിൽ കിണർ റീചാർജ്ജിംഗ് പ്രോജക്ടുകളുടെ പദ്ധതി ചെലവ് പഞ്ചായത്ത് ഫണ്ട്, ബ്ലോക്ക് വിഹിതം, ജില്ലാ വിഹിതം എന്നിവയിൽ നിന്നും 50:20:30 എന്ന അനുപാതത്തിലായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ജി.ഒ.(പി)177/2006/ഫിൻ നമ്പർ ധനവിനിയോഗ മാർഗ്ഗരേഖയിലും വിവിധ സ്രോതസ്സുകൾ വകയിരുത്തി യിട്ടുള്ള പ്രോജക്ടുകളുടെ ചെലവ് വിവിധ സ്രോതസ്സുകളിൽ നിന്നും ആനുപാതികമായിട്ടായിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ തൻവർഷം വികസന ഫണ്ട് മാത്രമാണ് പ്രോജക്ടിന്റെ നടത്തിപ്പിനായി ചെലവഴിച്ചിട്ടുള്ളത്. മേൽ അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 50/29-11-2019) പ്രസ്തുത പ്രോജക്ടിലേക്കായി 312 ഗുണഭോക്താക്കൾക്കാണ് പദ്ധതി തുക വകയിരുത്തിയിരുന്നതെന്നും പ്രസ്തുത വർഷം 109 ഗുണഭോക്താക്കൾ മാത്രമാണ് പ്രോജക്ട് പൂർത്തീകരിച്ചതെന്നും ആയതിനാൽ ഗ്രാമപഞ്ചായത്ത് വിഹിതമായി വകയിരുത്തിയിരുന്ന തുക മാറി നൽകുകയായിരുന്നുവെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

# 1-54 പ്ലാസ്റ്റിക് രഹിത ഗ്രാമം- അടങ്കൽ തുകയിലും അധികരിച്ച് ചെലവ് ചെയ്തു

| | | |
|---|---|---|
| പ്രോജക്ട് നം. | 59 | |
| പ്രോജക്ടിന്റെ പേര് | പ്ലാസ്റ്റിക് രഹിത ഗ്രാമം | |
| അടങ്കൽ | 181280 | |
| ചെലവ് | 187580 | |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1 | |
| ബിൽ നമ്പരുകൾ | 01/18-19<br>28-05-18 | 36000 |
| | 02/18-19<br>21-06-18 | 36000 |
| | 03/18-19<br>21-06-18 | 36000 |
| | 07/18-19<br>20-08-18 | 36000 |
| | 10/18-19<br>20-08-18 | 6045 |
| | 11/18-19<br>20-08-18 | 2700 |
| | [illegible] | [illegible] |

| | | |
|---|---|---|
| | 18/18-19<br>27-10-18 | 4700 |
| | 22/18-19<br>29-10-18 | 3000 |
| | 24/18-19<br>13-11-18 | 10935 |
| | 30/18-19<br>19-11-18 | 3300 |
| | 34/18-19<br>13-12-18 | 3900 |
| | 37/18-19<br>13-12-18 | 2700 |
| | 46/18-19<br>27-02-19 | 6300 |
| | ആകെ | 187580 |

ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും ഹരിത കർമ്മസേന അംഗങ്ങൾ സന്ദർശിച്ച് യൂസർ ഫീ ഈടാക്കിക്കൊണ്ട് അജൈവ മാലിന്യങ്ങൾ സംഭരിക്കുക, ഇവ എം.സി.എഫ് കേന്ദ്രത്തിലെത്തിക്കുക എന്നിവയാണ് പ്രോജക്ടിന്റെ പ്രധാന ലക്ഷ്യങ്ങൾ. 14-02-2019 ലെ അസി.എക്സി.എഞ്ചിനീയറുടെ അംഗീകാരപത്രം, (പ്രോജക്ട് ഫോറം 3), സുലേഖ സ്റ്റേറ്റ്മെന്റ് എന്നിവയിൽ 181280 രൂപയാണ് പദ്ധതിയുടെ അടങ്കൽ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് ചെലവ് 187580 രൂപയാണ്. ഇത് പ്രകാരം അടങ്കൽ തുകയിൽ നിന്നും 6300 രൂപ അധികരിച്ച് ചെലവഴിച്ചു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (39/27-11-2018) നൽകിയ വിശദീകരണം ചുവടെ ചേർക്കുന്നു.

പ്രസ്തുത പ്രോജക്ടിനായി 2018-19 വർഷത്തെ അവസാനത്തെ ബിൽ (6300 രൂപയുടേത്) encash ചെയ്യുന്നതിനായി ട്രേഷറിയിൽ സമർപ്പിച്ച ശേഷം നടന്ന പ്രോജക്ട് റിവഷനിൽ പ്ലാസ്റ്റിക് രഹിത ഗ്രാമം എന്ന പദ്ധതിക്കായി ഇനി തുക ആവശ്യമില്ലെന്നും നാളിതുവരെ ചെലവഴിച്ച തുക ഒഴികെയുള്ള തുക മറ്റേതെങ്കിലും പ്രോജക്ടുകൾക്കായി വകയിരുത്താവുന്നതാണെന്നും പഞ്ചായത്ത് സെക്രട്ടറിക്ക് സാക്ഷ്യപത്രം നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട്181280 രൂപയ്ക്ക് അടങ്കൽ കണക്കാക്കി റിവൈസ് ചെയ്തു. എന്നാൽ 25-01-2019 ൽ സമർപ്പിച്ച ബിൽ, ട്രഷറി നിയന്ത്രണം കഴിഞ്ഞപ്പോൾ encash ആയെന്നും ഇക്കാരണത്താലാണ് തുക അധികരിച്ച് ചെലവഴിക്കാനിടയായതെന്നും മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത മറുപടി പരിഗണനാർഹമല്ല. അധികമായി ചെലവഴിച്ച 6300/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-55 ബഡ്സ് സ്കൂൾ വാഹന വാടക 3840 രൂപ അധികം നൽകി

പ്രോജക്ട് നമ്പർ S0055/19 പ്രകാരം ബഡ്സ് സ്കൂൾ പ്രവർത്തിക്കാത്ത ദിവസങ്ങളിൽ വണ്ടി വാടക നൽകിയ ഇനത്തിൽ 3840 രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. (വിശദാംശങ്ങൾ ഖണ്ഡിക 3-3ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-56 ഹോമിയോ ആശുപത്രിക്ക് ഫർണിച്ചർ വാങ്ങൽ- നടപടിക്രമങ്ങളിൽ വീഴ്ച

| | |
|---|---|
| പ്രോജക്ട് നം. | 96 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിക്ക് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | 50000 |
| ചെലവ് | 49125 |
| ബിൽ നമ്പർ | 03/14-03-2019 തുക49125/- |

ഹോമിയോ ആശുപത്രിയിലേക്ക് ഫർണിച്ചർ വാങ്ങുന്നതിനായി 30-12-2018 ൽ ലിമിറ്റഡ് ടെണ്ടർ ക്ഷണിച്ചു. വാങ്ങാനുദ്ദേശിക്കുന്ന സാധനങ്ങളുടെ കൃത്യമായ സ്പെസിഫിക്കേഷൻ ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടില്ല. കേരള സ്റ്റോർ പർച്ചേസ് മാന്വൽ ചട്ടങ്ങൾ [ജി.ഒ.(പി) നം.03/2013/എസ്.പി.ഡി തീയതി 21-06-2013] ഖണ്ഡിക 7.33 പ്രകാരം വാങ്ങാനുദ്ദേശിക്കുന്നവയുടെ കൃത്യമായ സ്പെസിഫിക്കേഷനും ഖണ്ഡിക 7.34 പ്രകാരം സ്പെസിഫിക്കേഷന്റെ അളവും നൽകേണ്ടതാണ്. എന്നാൽ ഇവ ഇല്ലാതെയാണ് ടെണ്ടർ സ്വീകരിച്ചത്. 3 അലമാര, ഒരു കമ്പ്യൂട്ടർ ടേബിൾ, സ്റ്റീൽ റാക്ക് (5 അടിയുടെ) 2 എണ്ണം, സ്റ്റീൽ റാക്ക് (7 അടിയുടെ) 2 എണ്ണം എന്നിവ വാങ്ങുന്നതിലേക്കായാണ് ടെണ്ടർ ക്ഷണിച്ചിരുന്നത്. എന്നാൽ സ്റ്റീൽ റാക്ക് 7 അടിയുടെ 5 എണ്ണമാണ് Ms/- റ്റി.ബി.എസ് ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിരിക്കുന്നത്. സ്ഥാപനത്തിലെ സ്ഥലപരിമിതി കണക്കിലെടുത്താണ് ഇപ്രകാരം വാങ്ങിയതെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 20/23-11-2019) ലഭ്യമാക്കിയ മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരിക്കുന്നു. സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1 ൽ കൃത്യമായ ആവശ്യകത നിർണയം നടത്തിയ ശേഷം മാത്രം വാങ്ങൽ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

വരും വർഷങ്ങളിൽ സ്റ്റോർ പർച്ചേസ് നടപടിക്രമങ്ങൾ പൂർണമായും പാലിച്ചുകൊണ്ട് മാത്രം സാധനങ്ങളും സേവനങ്ങളും സമാഹരിക്കേണ്ടതാണ്.

# 1-57 കുടുംബാരോഗ്യ കേന്ദ്രത്തിന് ഐ.എസ്.ഒ.

# സർട്ടിഫിക്കേഷൻ - നടപടിക്രമങ്ങളിലെ വീഴ്ച

| | |
|---|---|
| പ്രോജക്ട് നം. | 121/18-19 |
| പ്രോജക്ടിന്റെ പേര് | കുടുംബാരോഗ്യ കേന്ദ്രത്തിന് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ |
| അടങ്കൽ | 150000 |
| ചെലവ് | 150000 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

ഗ്രാമപഞ്ചായത്തിലെ എല്ലാ ജനങ്ങളുടെയും ആരോഗ്യ സേവനങ്ങൾക്കുള്ള ആശ്രയ കേന്ദ്രമായ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ സേവന നിലവാരം ദേശീയ തലത്തിലേക്ക് ഉയർത്തുന്നതിലേക്കാണ് പ്രസ്തുത പ്രോജക്ട് നടപ്പിലാക്കിയത്. പ്രോജക്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിലെ ഇനം (എണ്ണം) | അടങ്കൽ തുക | ക്വട്ടേഷൻ അംഗീകാരം ലഭിച്ച സ്ഥാപനം | ചെലവഴിച്ച തുക | ബിൽ നമ്പർ തീയതി |
|---|---|---|---|---|---|
| 1 | വാട്ടർ പ്യൂരിഫിയർ (2 എണ്ണം) | 25000 | M/s അലിംഗൽ സുപ്രീം | 13400 | 30/18-19 13-03-2019 |
| 2 | കസേര (25 എണ്ണം) | 12500 | M/s മാൻസ് ഡ്രീം ഹോം | 37500 | 14/18-19 28-10-18 |
| 3 | വേസ്റ്റ് ബിൻ (3 എണ്ണം) | 15000 | | 15000 | |
| 4 | അലമാര (2 എണ്ണം) | 20000 | | 20000 | |
| 5 | റാക്ക് (5 എണ്ണം) | 25000 | M/s ആൽഫ അലുമിനിയം എന്റർപ്രൈസസ് | 25000 | 13/18-19 28-10-18 |
| 6 | പ്രോജക്ടിൽ വകയിരുത്തൽ ഇല്ല (LG S/D REF ) | 0 | M/s സെൻ ഇന്റർനാഷണൽ | 11600 | 12/18-19 28-10-18 |
| 7 | നെയിംബോർഡ് (1) | 27500 | M/s നിറം ഗ്രാഫിക്സ് | 27500 | 10/18-19 18-09-18 |
| 8 | എയർപോർട്ട് ചെയർ (2) | 25000 | വാങ്ങിയിട്ടില്ല | 0 | - |
| **ആകെ** | | **150000** | **ആകെ** | **150000** | |

പ്രോജക്ട് ഫയലിന്റെ പരിശോധനയിൽ ചുവടെ പരാമർശിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1)പട്ടികയിലെ ക്രമ നമ്പർ 2,4 ആയി രേഖപ്പെടുത്തിയിരിക്കുന്നവയുടെ നിർമ്മാണ വസ്തുവിന്റെ തരം രേഖപ്പെടുത്തണമെന്ന് പ്രോജക്ട് ഫോറത്തിൽ തന്നെ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം ഡാറ്റാ എൻട്രി നടത്തിയിട്ടില്ല.

2) പട്ടികയിലെ ക്രമ നമ്പർ 2 ആയി രേഖപ്പെടുത്തിയിരിക്കുന്ന കസേരകൾ 25 എണ്ണം വാങ്ങുന്നതിനായാണ് പ്രോജക്ടിൽ ഉദ്ദേശിച്ചിരുന്നത്. എന്നാൽ വിവിധ തരത്തിലുള്ള(7 തരം) 17 എണ്ണം കസേരകൾ ആണ് വാങ്ങിയിരിക്കുന്നത്. 25000 രൂപ അടങ്കൽ നിശ്ചയിച്ചെങ്കിലും ഈ ഇനത്തിനായി 37000 രൂപ ചെലവഴിച്ചിട്ടുണ്ട്.

3)പട്ടികയിൽ ക്രമ നമ്പർ 6 ആയി രേഖപ്പെടുത്തിയരിക്കുന്ന LG S/D REF വാങ്ങാൻ പ്രോജക്ടിൽ തുക വകയിരുത്തിയിരുന്നില്ല.

4) ക്രമ നമ്പർ 8 ആയി രേഖപ്പെടുത്തിയിരിക്കുന്ന എയർപോർട്ട് ചെയർ വാങ്ങിയിട്ടില്ല.

5)ക്രമ നമ്പർ 1 ആയി രേഖപ്പെടുത്തിയിരിക്കുന്ന വാട്ടർ പ്യൂരിഫയർ വാങ്ങുന്നതിലേക്കായി പ്രസിദ്ധീകരിച്ച ക്വട്ടേഷൻ നോട്ടീസ്, സമർപ്പിക്കപ്പെട്ട ക്വട്ടേഷനുകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

6)പ്രാഥമികാരോഗ്യ കേന്ദ്രം ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനം ആയതിനാൽ അവിടേയ്ക്കുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കാനുള്ള ക്വട്ടേഷൻ ക്ഷണിക്കൽ, അംഗീകരിക്കൽ തുടങ്ങിയ നടപടിക്രമങ്ങൾ അനുവർത്തിക്കേണ്ടത് ഗ്രാമപഞ്ചായത്ത് ആണ്. പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണോദ്യോഗസ്ഥന് പ്രസ്തുത നടപടിക്രമങ്ങൾ അനുവർത്തിക്കാവുന്നതാണ്. ഇതിലേക്കായി ചുമതലപ്പെടുത്തിക്കൊണ്ടുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല

7)പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനങ്ങളുടെ പകർപ്പുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല

8) പ്രസ്തുത സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

9)ഗ്രാമപഞ്ചായത്തിന്റെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സിൽ പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച് തീരുമാനങ്ങളൊന്നും കൈക്കൊണ്ടതായി രേഖപ്പെടുത്തൽ ഇല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 43/28-11-2019) പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനമില്ലാതെ ക്വട്ടേഷൻ ക്ഷണിച്ചത് അറിവില്ലായ്മ മൂലമാണെന്നും മാനദണ്ഡങ്ങൾ പാലിച്ച് മാത്രമാണ് വാങ്ങൽ നടപടിക്രമങ്ങൾ സ്വീകരിച്ചതെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകി. പ്രസ്തുത മറുപടി

പരിഗണനാർഹമല്ല. വരും വർഷങ്ങളിൽ ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുമാത്രം പ്രോജക്റ്റുകൾ നിർവ്വഹണം നടത്തേണ്ടതാണ്.

# 1-58 കുടുംബാരാഗ്യകേന്ദ്രത്തിൽ ലാബ് നവീകരണം- നടപടിക്രമങ്ങളിലെ വീഴ്ച

| | | |
|---|---|---|
| പ്രോജക്ട് നം. | 85/18-19 | |
| പ്രോജക്ടിന്റെ പേര് | കുടുംബാരോഗ്യ കേന്ദ്രത്തിൽ ലാബ് നവീകരണം | |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | |
| അടങ്കൽ | 300000 | |
| ചെലവ് | 283533 | |
| ബിൽ നമ്പർ | 19/18-19<br>31-10-2018 | 213000 |
| | 25/18-19<br>12-01-2019 | 23824 |
| | 26/18-19<br>21-02-2019 | 46709 |

ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് വരുന്ന രോഗികളിൽ രക്ത പരിശോധന ആവശ്യമുള്ളവർക്ക് പ്രസ്തുത പരിശോധന എളുപ്പമാക്കാൻ വേണ്ടിയുള്ള ഹെമറ്റോളജി അനലൈസർ വാങ്ങുന്നതിനായിട്ടാണ് പ്രോജക്ട് ആവിഷ്കരിച്ചത്. ഇതിലേക്കായി 251362/- രൂപ അടങ്കൽ കണക്കാക്കി 25-07-2018 ൽ എ1-1888/17 നമ്പറായി ടെണ്ടർ ക്ഷണിച്ചു. ഇതിൻപ്രകാരം 5 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചു. ഇതിൽ Ms/- ബി.എസ്.മെഡിക്കൽസ് ഇൻഡ്യ എന്ന സ്ഥാപനം മാത്രമാണ് ആവശ്യമായ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ളതെന്നും (ISO/BIS Certification, 3 year annual maintanance contract, quality control) ആയതിനാൽ പ്രസ്തുത സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് നൽകാനുള്ള ഇന്റേർണൽ കമ്മിറ്റിയുടെ ശുപാർശ, ഇത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളണമെന്നും കാണിച്ച് 16-08-2018 ൽ മെഡിക്കൽ ഓഫീസർ സെക്രട്ടറിയെ അറിയിച്ചു. എന്നാൽ രേഖകളുടെ പരിശോധനയിൽ ഇതിനു പകരം കുറഞ്ഞ തുക ക്വോട്ട് ചെയ്ത Ms/- ആർവീസ് ഡയഗ്നോസ്റ്റിക്സ് എന്ന സ്ഥാപനത്തിനാണ് സാധനം സപ്ലൈ ചെയ്തതിന് തുക അനുവദിച്ച് നൽകിയിരിക്കുന്നത് (213000/- രൂപ). പ്രസ്തുത സ്ഥാപനത്തെ തെരഞ്ഞെടുത്ത പഞ്ചായത്ത് കമ്മിറ്റി തീരുമാനം, ഇവർക്ക് നൽകിയ സപ്ലൈ ഓർഡറിന്റെ പകർപ്പ്, പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനങ്ങൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മെഡിക്കൽ ഓഫീസറുടെ ശുപാർശ മറികടന്ന് Ms/- ആർവീസ് ഡയഗ്നോസ്റ്റിക്സിന് തുക കൈമാറാനുണ്ടായ സാഹചര്യം എന്താണെന്നും വ്യക്തമല്ല. ടെണ്ടർ ക്ഷണിച്ച പത്ര പരസ്യം ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഹെമറോളജി അനലൈസർ വാങ്ങുന്നതിന് മാത്രമായാണ് ടെണ്ടർ ക്ഷണിച്ചതെങ്കിൽ ബിൽ നമ്പർ 25, 26 എന്നിവ പ്രകാരം യഥാക്രമം M/s ആർവീസ്

ടെക്നോളജീസ്,M/s എ.ബി.സി ഡയഗ്നോസ്റ്റിക്സ് എന്നിവരിൽ നിന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (49/28-11-2019)നൽകിയ മറുപടിയിൽ M/s ബി.എസ്.മെഡിക്കൽസ് എന്ന സ്ഥാപനം ആറ് മാസത്തെ ക്വാളിറ്റി കൺട്രോൾ മാത്രമേ വാഗ്ദാനം നൽകിയിരുന്നുവെന്നും എന്നാൽ M/s ആർവീസ് ടെക്നോളജീസ് ഒരു വർഷത്തെ ക്വോളിറ്റി കൺട്രോൾ നൽകാമെന്നും മൂന്ന് മാസത്തേക്കുള്ള റീഏജന്റ് ഫ്രീ ആയി സപ്ലൈ ചെയ്യാമെന്നും പറഞ്ഞ സാഹചര്യത്തിലാണ് ഇപ്രകാരം വാങ്ങാനിടയായതെന്നും മെഡിക്കൽ ഓഫീസർ വിശദീകരിക്കുന്നു. എന്നാൽ ഇത് സമർത്ഥിക്കുന്ന രേഖകളൊന്നും ലഭ്യമാക്കിയില്ല. വരും വർഷങ്ങളിൽ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടുമാത്രം സമാനമായ പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതാണ്.

## 1-59 ആശുപത്രി മാനേജിംഗ് കമ്മിറ്റി - നടപടിക്രമങ്ങൾ പാലിക്കുന്നില്ല

2010-ലെ കേരള പഞ്ചായത്ത് രാജ് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിന് കൈമാറിയ ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തിനും വേണ്ടി ചെയർമാൻ ഉൾപ്പെടെ പതിനഞ്ച് അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജ്മെന്റ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ യോഗം ചുരുങ്ങിയത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും കൂടേണ്ടതും യോഗത്തിലെടുക്കുന്ന തീരുമാനങ്ങൾ പ്രസ്തുത യോഗത്തിന് ശേഷം ചേരുന്ന ഗ്രാമസഭായോഗത്തിൽ വായിക്കേണ്ടതുമാണ്. അതിനായി യോഗ തീരുമാനത്തിന്റെ പകർപ്പുകൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഗ്രാമസഭാ കൺവീനർക്ക് നൽകേണ്ടതുമാണ്.

ആശുപത്രിയുടെ ഭൗതിക സാഹചര്യങ്ങളും ചികിത്സാ സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി ആശുപത്രി വികസനഫണ്ട് ആരംഭിക്കാവുന്നതും പൊതുജനങ്ങളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും സംഭാവനകൾ സ്വീകരിച്ച് ഫണ്ട് വർധിപ്പിക്കാവുന്നതാണ്. ജനങ്ങൾക്ക് ആശുപത്രിയുടെ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാൻ എച്ച്.എം.സി യോഗത്തിൽ ഉചിതമായ തീരുമാനങ്ങളെടുക്കാവുന്നതും ആയത് പരിഗണിക്കുവാനായി ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഗവ.ഹോമിയോ ഡിസ്പെൻസറി-പാളയംകുന്ന്, ഗവ.ഹോമിയോ ഡിസ്പെൻസറി-ചെമ്മരുതി, ഗവ.ആയുർവേദ ഡിസ്പെൻസറി എന്നീ സ്ഥാപനങ്ങളിൽ എച്ച്.എം.സി കൾ രൂപീകരിച്ച് നിർദ്ദിഷ്ട നടപടിക്രമങ്ങൾ പാലിച്ചു വരുന്നില്ല. ഇത് സ്ഥാപനത്തിന്റെയും പഞ്ചായത്തിന്റെയും ഭാഗത്തു നിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-60 മഴക്കാല പൂർവ ശുചീകരണം- പ്രവർത്തനങ്ങളിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷം മഴക്കാല പൂർവ ശുചീകരണത്തിനായി പി എച്ച് സി ക്ക് 275000/-രൂപ (ശുചിത്വ മിഷൻ- 180000 /-, തനത് ഫണ്ട് 95000/- ) നല്കിയിട്ടുണ്ട്.എന്നാൽ ഇവയുടെ വിനിയോഗവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ (ഡി സി ) വകുപ്പ് തിരുവനന്തപുരം,തീയതി 23.4.2015, നം 178649/ ഡി സി/2015/ ത സ്വ ഭ വ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. കൂടാതെ

ഹാജരാക്കിയ രേഖകളിൽ 2400/- രൂപ ടെലിഫോൺ അലവൻസായി ശ്രീ അനിൽകുമാർ (ജെ.എച്ച്.ഐ) കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ടെലിഫോൺ അലവൻസ് നല്കാൻ ഉത്തരവ് നിലവിൽ ഇല്ല. അതിനാൽ ടെലിഫോൺ അലവൻസ് ഇനത്തിൽ കൈപ്പറ്റിയ തുക 2400/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. (വിശദ വിവരം ഭാഗം 3ഖണ്ഡിക 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്).

# 1-61 എസ്.എസ്.എ വിഹിതം - നല്കിയ തുക അധികരിച്ച് വിനിയോഗ സാക്ഷ്യപത്രം

| | |
|---|---|
| പ്രോജക്ട് നം. | 28/19 |
| പ്രോജക്ടിന്റെ പേര് | എസ്.എസ്.എ വിഹിതം (ജനറൽ) |
| അടങ്കൽ | 500000/- |
| ചെലവ് | 500000/- |
| ബിൽ നമ്പർ | 07/25-06-2018 |

| | |
|---|---|
| പ്രോജക്ട് നം. | 29/19 |
| പ്രോജക്ടിന്റെ പേര് | എസ്.എസ്.എ വിഹിതം (എസ്.സി പി) |
| അടങ്കൽ | 500000/- |
| ചെലവ് | 500000/- |
| ബിൽ നമ്പർ | 08/25-06-2018 |

പ്രസ്തുത പദ്ധതികൾ പ്രകാരം എസ് എസ് എ വിഹിതമായി (ജനറൽ +എസ് സി പി) 1000000/- രൂപ എസ്.എസ്.എ ജില്ല പ്രോജക്ട് ഓഫീസർ പേർക്ക് (a/c no 81910109546) ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്നും 1455322/- രൂപ ഇ -ട്രാൻസ്ഫർ വഴി ലഭിച്ചതായും ആയത് എസ്.എസ്.എ യുടെ വിവിധ ആവശ്യങ്ങൾക്കായി വിനിയോഗിച്ചതായും ഉള്ള സർട്ടിഫിക്കറ്റ് എസ്.എസ്.എ യിൽ നിന്നും ലഭ്യമായിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും എസ്.എസ്.എ വിഹിതം അടച്ച തുകയും വിനിയോഗ സാക്ഷ്യപത്രം പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിച്ചതായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. എസ്.എസ്.എ വിഹിതമായി 1455322/- രൂപയാണ് പഞ്ചായത്ത് ഒടുക്കേണ്ടിയിരുന്നതെന്നും ഒടുക്കാൻ അവശേഷിക്കുന്ന തുക കൂടി ഉൾപ്പെടുത്തിയാണ് വിനിയോഗ സാക്ഷ്യപത്രം നല്കിയിരിക്കുന്നതെന്നുമാണ് വിശദീകരണം(ഓഡിറ്റ് എൻക്വയറി നമ്പർ 29/25.11.19ന്റെ

മറുപടി). നല്കാത്ത തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം നല്കിയിരിക്കുന്നതിൽ നിന്നും കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയല്ല എസ്.എസ്.എ വിനിയോഗ സാക്ഷ്യപത്രം നല്കുന്നതെന്ന് വ്യക്തമാണ്. അതിനാൽ പഞ്ചായത്തിൽ നിന്ന് നല്കുന്ന തുകയ്ക്കുള്ള പ്രവൃത്തികൾ അതാത് സ്കൂളുകളിൽ ലഭ്യമാകുന്നുണ്ട് എന്ന് ഭരണ സമിതി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-62 സമ്പൂർണ സാക്ഷരത- അനുബന്ധ രേഖകൾ ഇല്ല

| | |
|---|---|
| പ്രോജക്ട് നം. | S0075/19 |
| പ്രോജക്ടിന്റെ പേര് | സമ്പൂർണ സാക്ഷരത |
| അടങ്കൽ | 25000 |
| ചെലവ് | 21150 |
| ബിൽ നമ്പർ, തീയതി | 19/27-03-2019 |
| നിർവ്വഹണം | ഹെഡ് മിസ്ട്രസ് |

ഗ്രാമപഞ്ചായത്തിലെ പത്താം തരം, +1, +2 തുല്യത പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നവർക്കുള്ള കോഴ്സ് ഫീസ് അടവാക്കുന്നതിനാണ് പ്രസ്തുത പ്രോജക്ട് ആവിഷ്കരിച്ചത്. ഹയർസെക്കണ്ടറി തുല്യതാ പരീക്ഷ എഴുതുന്ന 8 പേർക്കും , പത്താം ക്ലാസ് തുല്യത പരീക്ഷ എഴുതുന്ന ഒരു വ്യക്തിക്കും കോഴ്സ് ഫീസ് ആയി ആകെ 21150 രൂപ സാക്ഷരത മിഷന് കൈമാറി. പരീക്ഷയ്ക്ക് ഹാജരായവരുടെ ഹാൾടിക്കറ്റ്, അനുബന്ധ രേഖകൾ, രജിസ്ട്രേഷൻ സംബന്ധമായ വിശദാംശം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 31/26-11-2019) 2019 ഡിസംബറിൽ ആണ് പരീക്ഷകൾ ആരംഭിക്കുന്നതെന്നും പ്രസ്തുത അവസരത്തിൽ ഹാൾടിക്കറ്റുകളുടെ പകർപ്പ് വാങ്ങി സൂക്ഷിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ അപേക്ഷകരുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിശദാംശം സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത മറുപടി പരിഗണനാർഹമല്ല. 2017-18 വർഷത്തിലും സമാനമായ അപാകത സംഭവിച്ചിട്ടുണ്ട് (ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-21). രേഖകൾ ലഭ്യമാക്കി ഓഡിറ്റിന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ചാവടിമുക്ക് ഗ്രന്ഥശാല മെയിന്റനൻസ് - അധിക ചെലവ് 2694 രൂപ

| | |
|---|---|
| പ്രോജക്ട് നം. | SO104/19 |
| അടങ്കൽ തുക | 200000<br>(ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് തുക | 185843രൂപ |
| ബിൽ നമ്പർ | 44/16.03.2019 |
| കരാറുകാരൻ | കേരളീയൻ (എസ്റ്റിമേറ്റ് നിരക്ക്) |
| എം-ബുക്ക് നമ്പർ | 217/18-19, 218/18-19 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

പ്രവൃത്തിയുടെ എക്സ്ട്രാ ഇനം 3 :- (50.6.2.1) Solid block masonary using pre cast solid blocks (factory made) of size **30x20x15 cm** or nearest available size conferming to IS2185 part I of 1979 for foundation and **plinth with thickness** 15 cm in CM 1:6 etc. ( എം -ബുക്ക് 217/18-19 പേജ് നമ്പർ 14)

(എക്സ്ട്രാ ഇനം 1ൽ 3.14 x1 x 1.30 x1.30 x3.5 /4 ആളവിൽ മണ്ണ് കുഴിച്ചെടുത്ത Soak pit)

ഇനം E3ക്ക് നൽകിയ തുക $3.14(1.3^2 - 0.9^2) \times 3.30 / 4 = 2.28\ m^3$ @ $5465.05 / m^3$

= 12460.31 രൂപ

എന്നാൽ ബാഹ്യ വ്യാസം D = 1.30ആയതിനാൽ ബാഹ്യ ആരം R = 0.65 m

ആന്തര ആരം r = 0.65 - 0.15 **(thickness)**

= 0.50 m

ആന്തര വ്യാസം d = 1 m

യഥാർത്ഥ അളവ് = $3.14(1.3^2 - 1^2) \times 3.30 / 4$

= 1.787 $m^3$

നൽകേണ്ട തുക = 1.787 x 5465.05 = 9766 രൂപ

അധികം നൽകിയത് = 2694 രൂപ

നിലവിൽ ഉപയോഗിച്ചത് 30x20x15 cm ന്റെ കട്ടയാണെന്നും അത് കമിഴ്ത്തി കെട്ടുമ്പോൾ 20cm ആണെന്നും രണ്ട് മീറ്ററോളം താഴ്ചയിൽ സോക്പിറ്റ് കെട്ടുന്നതിനാൽ കട്ട കമിഴ്ത്തിയിട്ടാണ് കെട്ടിയതെന്നുമാണ് വിശദീകരണം (ഓഡിറ്റ് എൻക്വയറി നമ്പർ 25/26.11.2019ന്റെ മറുപടി).

എന്നാൽ, Solid block masonary using pre cast solid blocks (Factory made) of size 40 x 20 x 20 cm or nearest size .... plinth with thickness 20 cm എന്ന ഇനത്തിന്റെ (50.6.1.1) നിരക്ക് 5352.56/$m^3$ ആണ്. എസ്റ്റിമേറ്റിലും പ്രവൃത്തി ബില്ലിലും 50.6.2.1 എന്ന ഇനത്തിന്റെ നിരക്കാണ് നൽകിയിരിക്കുന്നത്. ഇക്കാരണങ്ങളാൽ മറുപടി അംഗീകരിക്കുന്നില്ല. അധികമായി നൽകിയ 2694 രൂപ നിരാകരിക്കുന്നു.

# 3-2 മഴക്കാല പൂർവ ശുചീകരണം- പ്രവർത്തനങ്ങളിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷം മഴക്കാല പൂർവ ശുചീകരണത്തിനായി പി.എച്ച്.സി ക്ക് 275000/-രൂപ ( ചെക്ക് നമ്പർ 1882866/14.06.18 തുക 275000/-, ശുചിത്വ മിഷൻ- 180000 /-, തനത് ഫണ്ട് 95000/- ) നല്കിയിട്ടുണ്ട്. എന്നാൽ ഇവയുടെ വിനിയോഗവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) തദ്ദേശ സ്വയംഭരണ (ഡി സി ) വകുപ്പ് ,തിരുവനന്തപുരം,തീയതി 23.4.2015, നം 178649/ ഡി സി/2015/ ത സ്വ ഭ വ പ്രകാരമുള്ള ചുവടെ ചേർത്തിട്ടുള്ള പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

എ. വാർഡ് തല ശുചിത്വ കൂട്ടായ്മ

ബി. ശുചിത്വ സ്ക്വാഡുകളുടെ രൂപീകരണം

സി. വാർഡ് തല ശുചിത്വ മാപ്പിംഗ്

ഡി. പഞ്ചായത്ത് തല കർമ്മ പരിപാടി

ഇ.ഡ്രൈഡേ സന്ദേശം എല്ലാവീടുകളിലേക്കും

എഫ് . ബോധവത്കരണ പ്രവർത്തനങ്ങൾ

2) ഹാജരാക്കിയ രേഖകളിൽ 2400/- രൂപ ടെലിഫോൺ അലവൻസായി ശ്രീ. അനിൽകുമാർ (ജെ എച്ച് ഐ) കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ടെലിഫോൺ അലവൻസ് നല്കാൻ ഉത്തരവ് നിലവിൽ ഇല്ല.

3)നോട്ടീസ് അച്ചടിച്ചതിന് 11400/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇവ പ്രിന്റ് ചെയ്തതിന് ക്വട്ടേഷൻ സ്വീകരിച്ചതിന്റേയോ സ്റ്റോക്കിലെടുത്തതിന്റേയോ രേഖകൾ ഹാജരാക്കിയില്ല.

4)കുടുംബാരോഗ്യ സർവ്വേ നടത്തിയതിന് ശ്രീമതി ജസ്സി , ശ്രുമതി ജയലത, ശ്രീമതി ശോഭ എന്നിവർക്ക് യഥാക്രമം 2000/- , 300/-,1500/- (27.3.18 ൽ) എന്നീ തുകകൾ നല്കിയിട്ടുണ്ട്. എന്നാൽ ഈ

പ്രവർത്തനങ്ങൾ മഴക്കാല പൂർവ ശുചീകരണത്തിന്റെ പരിധിയിൽപ്പെടുന്നവയല്ല.

മേൽ അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 60/30.11.19)മറുപടി ലഭ്യമാക്കിയില്ല. അതിനാൽ ടെലിഫോൺ അലവൻസ് ഇനത്തിൽ കൈപ്പറ്റിയ തുക 2400/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അതോടൊപ്പം മഴക്കാല പൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട ചെലവുകൾക്കാധാരമായ മേൽ സൂചിപ്പിച്ച പ്രവർത്തനവുമായി ബന്ധപ്പെട്ട 15200/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കേണ്ടതാണ്.

# 3-3 ബഡ്സ് സ്കൂൾ പ്രവർത്തനം മെച്ചപ്പെടുത്തൽ - വാഹന വാടക 3840 രൂപ അധികം നൽകി

| | |
|---|---|
| പ്രോജക്ട് നം. | S0055/19 |
| അടങ്കൽ തുക | വികസന ഫണ്ട് - 596320 |
| ചെലവ് തുക | 544920 രൂപ |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ബിൽ നമ്പർ 02/18.06.2018 പ്രകാരം 83040 രൂപ പിൻവലിച്ച് ചുവടെപ്പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

വിജിത, ട്രെയിനർ - ഓണറേറിയം (ഏപ്രിൽ, മെയ്) - 24000രൂപ

ജയകുമാരി, ഹെൽപ്പർ - ഓണറേറിയം (ഏപ്രിൽ, മെയ്) - 12000 രൂപ

സുമിത്ത് - കുട്ടികളെ കൊണ്ടുവന്നതിനും തിരികെ വിട്ടതിനും

ഏപ്രിൽ മാസം - കിലോമിറ്ററിന് 8രൂപ നിരക്കിൽ 120 കിലോമിറ്റർ 24 ദിവസം - 23040 രൂപ

മെയ് മാസം - കിലോമിറ്ററിന് 8രൂപ നിരക്കിൽ 120 കിലോമിറ്റർ 25 ദിവസം - 24000 രൂപ

എന്നാൽ, ഫയലിൽ സൂക്ഷിച്ചിരിക്കുന്ന ബഡ്സ് സ്കൂളിന്റെ ഹാജർ പുസ്തകത്തിന്റെ പകർപ്പ് പ്രകാരം ഏപ്രിൽ മാസത്തിൽ സ്കൂളിന് 20 ദിവസം മാത്രമാണ് പ്രവൃത്തി ദിനങ്ങളായുള്ളത്.

ഇപ്രകാരം 4 ദിവസത്തേക്ക് 8 x 120 x 4 = 3840 രൂപ അധികം നൽകി. പ്രസ്തുത തുക നിരാകരിക്കുന്നു.

അധികമായി നൽകിയ തുക ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 42/28.11.2019).

<u>മറ്റ് അപാകതകൾ</u>

എ) മറ്റ് ബില്ലുകളിലും വാഹന വാടക നൽകിയിട്ടുണ്ട്. എന്നാൽ വാഹനം ഓടിയതിന്റെ വിശദാംശങ്ങളോ ബഡ്സ് സ്കൂൾ ഹാജർ പുസ്തകത്തിന്റെ പകർപ്പോ സൂക്ഷിച്ചിട്ടില്ല. പ്രവൃത്തി ദിവസങ്ങളിലെല്ലാം തന്നെ കുട്ടികളെ കൊണ്ടു വരികയും പോകുകയും ചെയ്തിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയതെന്നുമാണ് വിശദീകരണം. വാഹന വാടകയായി തുക നൽകുമ്പോൾ വാഹനം ഉപയോഗിച്ചതിന്റെ വിശദാംശങ്ങൾ സൂക്ഷിക്കേണ്ടതാണ്.

ബി) ബഡ്സ് സ്കൂളിനായി 100000 രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതം 18-19 വർഷം ലഭിച്ചിരുന്നു. പ്രോജക്ടിൽ തുക വകയിരുത്തുകയോ ചെലവഴിക്കുകയോ ചെയ്തില്ല. പ്രോജക്ട് രൂപീകരണ സമയത്ത്

ബ്ലോക്ക് ഷെയറിനെക്കുറിച്ച് വ്യക്തമായ അറിയിപ്പ് ലഭ്യമായിരുന്നില്ലെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥയുടെ വിശദീകരണം.

സി) ബിൽ നമ്പർ 24/06.12.2018 പ്രകാരം ചെലവഴിച്ച 39120 രൂപയിൽ നവംബർ മാസത്തെ വാടകയായ 21120 രൂപ സുമിത്ത് കൈപ്പറ്റിയിട്ടുണ്ട്. പ്രസ്തുത വൗച്ചറിൽ KL-01-AS-746 എന്ന വാഹനമാണ് ഉപയോഗിച്ചിരിക്കുന്നത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റ് പ്രകാരം പ്രസ്തുത വാഹനം സുമിത്തിന്റെ പേരിലുള്ള 'Non - Transport vehicle - Maruthi Omni' ആണ്. മറ്റ് വാഹനങ്ങൾ ലഭ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽ നിർവ്വഹണം തടസ്സപ്പെടാതിരിക്കാനാണ് ഇപ്രകാരം ചെയ്തതെന്ന് മറുപടി ലഭ്യമാക്കി. നിയമാനുസൃത വാഹനം ഉപയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഡി)ബിൽ നമ്പർ 38/28.02.2019 പ്രകാരം 66500 രൂപ പിൻവലിച്ച് ഗോകുലം ഇൻഡസ്ട്രീസിന് കൈമാറിയിട്ടുണ്ട്. ആറ് ഡൈനിംഗ് ചെയറും ഒരു ഡൈനിംഗ് ടേബിളും വാങ്ങിയതിനാണ് പ്രസ്തുത തുക ചെലവഴിച്ചിരിക്കുന്നത്. ടെന്റർ വിശദാംശങ്ങൾ ലഭ്യമല്ല. ടെന്റർ പ്രകാരമാണ് വാങ്ങലുകൾ നടത്തിയതെന്ന് വിശദീകരിച്ചിട്ടുണ്ടെങ്കിലും യാതൊരു രേഖയും ലഭ്യമാക്കിയില്ല. ആയതിനാൽ 66500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 24.06.2019 മുതൽ<br>25.06.2019വരെ | കെ.എസ്.എ.റ്റി.വി.എം./ജി.പി7/1214/19<br>തീയതി 18.07.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2018-19 | 210000 | ഹരിത ഭവനം | 210000 | 0 |
| | | 772225 | കേദാരം സമഗ്ര നെൽകൃഷി വികസനം | 772225 | 0 |
| | | 141875 | ജൈവസമൃദ്ധി - | 141875 | 0 |

| | | | | | |
|---|---|---|---|---|---|
| | | | തരിശ് ഭൂമി കൃഷി | | |
| | | 223265 | ലൈഫ്(ജനറൽ) | 223265 | 0 |
| | | 372534 | ലൈഫ്<br>(എസ്.സി.പി.) | 220000 | 152534 |
| | | 270750 | മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 270750 | 0 |
| | | 240000 | ക്ഷീരസമൃദ്ധി | 240000 | 0 |
| | ആകെ | 2230649 | 2078115 | 2288115 | 152534 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 578765 | ലൈഫ്(ജനറൽ) | 578765 | 0 |
| | | 663050 | ലൈഫ്<br>(എസ്.സി.പി.) | 240000 | 423050 |
| | | 270750 | മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 270750 | 0 |
| | | 500000 | ക്ഷീരസമൃദ്ധി | 500000 | 0 |
| | | 126750 | ജൈവസമൃദ്ധി - തരിശ് ഭൂമി കൃഷി | 126750 | 0 |
| | | 595000 | കേദാരം സമഗ്ര നെൽകൃഷി വികസനം | 595000 | 0 |
| | | 280000 | വയോജനങ്ങൾക്കുള്ള പകൽ വീട് പ്രവർത്തനങ്ങൾ | 0 | 280000 |
| | | 100000<br>(പ്രോജക്ടിൽ തുക വകയിരുത്തിയിട്ടില്ല) | ബഡ്സ് സ്കൂൾ പ്രോഗ്രാം മെച്ചപ്പെടുത്തൽ | 0 | 100000 |
| | | 288000 | കിണർ റീചാർജിംഗ് - ജനറൽ | 0 | 288000 |
| | | 80000 | കിണർ റീചാർജിംഗ് - എസ്.സി.പി. | 0 | 80000 |
| | | 200000 | സാന്ത്വന ചികിത്സ | 0 | 200000 |
| | | 100000 | അംഗൻവാടി പോഷകാഹാരം | 0 | 100000 |
| | ആകെ | 3782315 | | 2311265 | 1471050 |

| | 17-18<br>B4<br>പ്രകാരം<br>മുന്നിരിപ്പ് | 18-19<br>RP 31<br>പ്രകാരം<br>വരവ് | ആകെ | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് | 18-19<br>B4<br>പ്രകാരം<br>നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് വിഹിതം | 100000 | 2230649 | 2330649 | 2078115 | 252534 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 53968 | 3882315 | 3936283 | 2311265 | 1625018 |

ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി Other specific purpose ഇനത്തിൽ 1,00,000/- രൂപ വരവുണ്ട്.

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (71/19) | 55893 | 0 | 55893 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ (35/19) | 1996171 | 0 | 199671 |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (30/19) | 1500000 | 0 | 1500000 |
| വാട്ടർ അതോറിറ്റി | അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ (116/19) | 110000 | 0 | 110000 |

നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുകയുടെ നീക്കിയിരിപ്പ് വിശദാംശം ചുവടെപ്പറയുംപ്രകാരമാണ്.

| | വാട്ടർ അതോറിറ്റി | കെ.എസ്.ഇ.ബി |
|---|---|---|
| 17-18 B-18പ്രകാരം നീക്കിയിരിപ്പ് | 1901273 | 0 |
| സുലേഖ ചെലവ് പത്രിക പ്രകാരം 18-19 വർഷത്തെ നിക്ഷേപം | 1610000 | 2052064 |
| ആകെ | 3511273 | 2052064 |
| 18-19 B-18പ്രകാരം നീക്കിയിരിപ്പ് | 2241625 | 2052064 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 3977970രൂപ വരവുണ്ട്. 3977970രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്) 68/18 തീയതി 15.05.2018 | 3977970 | 0 | 0 | 0 | 3977970 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 112448754 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 99665679 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 8934 രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1917075 രൂപ |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2694 | ശ്രീ. വിനരാജ്.ഡി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | 2400 | ഡോ.അൻവർ അബ്ബാസ്, മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി. |
| 3-3 | 3840 | ശ്രീമതി.അൽമാസ് അഷ്റഫ്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | 8934 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-39 | 536900 | ശ്രീമതി പ്രീതി, കൃഷി ഓഫീസർ |
| 1-40 | 761875 | ശ്രീമതി പ്രീതി, കൃഷി ഓഫീസർ |
| 1-41 | 72500 | ശ്രീമതി പ്രീതി, കൃഷി ഓഫീസർ |
| 1-43 | 273000 | ഡോ. അർച്ചന സത്യൻ, വെറ്റിനറി സർജൻ |
| 1-45 | 200000 | ഡോ. അർച്ചന സത്യൻ, വെറ്റിനറി സർജൻ |
| 1-54 | 6300 | ശ്രീ. ബിജു.ജി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ -1 |
| 3-3 | 66500 | ശ്രീമതി അൽമാസ് അഷ്റഫ്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | 1917075 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വിനരാജ്. ഡി.,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചെമ്മരുതി ഗ്രാമപഞ്ചായത്ത് | ഹാബിറ്റാറ്റ്, ജില്ല ആയുർവേദാശുപത്രിക്ക് എതിർവശം,<br>വർക്കല.പി.ഒ. |

| | | |
|---|---|---|
| | | തിരുവനന്തപുരം - 695141 |
| ഡോ. അൻവർ അബ്ബാസ്,<br>മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി. | മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി.,<br>ചെമ്മരുതി ഗ്രാമപഞ്ചായത്ത് | അറഫ, തോന്നയ്ക്കൽ.പി.ഒ.<br>മംഗലപുരം |
| ശ്രീമതി അൽമാസ് അഷ്റഫ്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ,<br>ചെമ്മരുതി ഗ്രാമപഞ്ചായത്ത് | ദാറുൽ റഹ്മാൻ, എസ്.ആർ.എ 64, എസ്.ആർ.എ.ലെയിൻ,<br>അമ്പലത്തറ, പൂന്തുറ.പി.ഒ.<br>പിൻ- 695026 |
| ശ്രീമതി പ്രീതി,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>ചെമ്മരുതി ഗ്രാമപഞ്ചായത്ത് | നീരാഞ്ജനം, പൂതക്കുളം.പി.ഒ.<br>കൊല്ലം |
| ഡോ. അർച്ചന സത്യൻ,<br>വെറ്റിനറി സർജൻ | വെറ്റിനറി സർജൻ,<br>ചെമ്മരുതി ഗ്രാമപഞ്ചായത്ത് | രാജേശ്വരി, എ.ആർ.എ.221 ബി, ആനയറ.പി.ഒ.<br>തിരുവനന്തപുരം |
| ശ്രീ. ബിജു.ജി,<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ -1 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,<br>ചെമ്മരുതി ഗ്രാമപഞ്ചായത്ത് | ജയഭവൻ,<br>കുറുമണ്ടൽ, പരവൂർ.പി.ഒ<br>പിൻ - 683513 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെഎണ്ണം | റിമാർക്സ് |
|---|---|---|---|
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1242/2018 തീയതി 04.06.2018 | 8 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1242/2018 തീയതി 04.06.2018 | 2 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1242/2018 തീയതി 04.06.2018 | 4 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1242/2018 തീയതി 04.06.2018 | 1 | |
| 2010-11&<br>2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1242/2018 തീയതി 04.06.2018 | 1 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1242/2018 തീയതി 04.06.2018 | 5 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1242/2018 തീയതി 04.06.2018 | 4 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1242/2018 തീയതി 04.06.2018 | 4 | |

| | | | |
|---|---|---|---|
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/2074/<br>2016 തീയതി 07.12.2016 | 12 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1840/<br>2017 തീയതി 07-05-2018 | 12 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/305/<br>2019 തീയതി 30.042019 | 24 | |

**ഒപ്പ്**
**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# അനുബന്ധം - 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ ചെമ്മരുതി ഗ്രാമ പഞ്ചായത്തിന്റെ 2018-19 -ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

**ഒപ്പ്**

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

എസ്.28/1/20